കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# ചൊവ്വന്നൂർ ഗ്രാമ പഞ്ചായത്ത്

2017-18

ഓഡിറ്റ് റിപ്പോർട്ട്

ജില്ലാ ഓഡിറ്റ് കാര്യാലയം,തൃശ്ശൂർ

e-mail:dotsr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)

നം.കെ.എസ്.എടി.എസ്.ആർ(പി6)1588 /2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,

തൃശ്ശൂർ – 6800020

ഫോൺ : 0487-2331249

ഇ-മെയിൽ :

dotsr.ksad@kerala.gov.in

തീയതി 07.12.18

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ്, (സെക്രട്ടറി മുഖേന)

ചൊവ്വന്നൂർ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : ചൊവ്വന്നൂർ ഗ്രാമപഞ്ചായത്ത് - 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ്നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചൊവ്വന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 3ലെ 3-6,3-7,3-8 ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ

3) കാര്യാലയ പകർപ്പ്

നം. കെ.എസ്.എ.ടി.എസ്.ആർ(പി6)1588 /2018 തിയ്യതി : 07.12.18

## തൃശ്ശൂർ ജില്ലയിലെ ചൊവ്വന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18

## സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ ചൊവ്വന്നൂർഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.04.2017.മുതൽ 17.09.2018 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 26 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 25 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.കെ.വി.സുനിൽകുമാർ<br>ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 18.09.2018 മുതൽ 28.09.2018 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.സതീശൻ .എൻ | ഓഡിറ്റ് ഓഫീസർ (ഹയർ ഗ്രേഡ്) |
| | ശ്രീമതി.വിദ്യ വിക്രമൻ | അസി.ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി.ലിഷ കെ.വി | അസി.ഓഡിറ്റ് ഓഫീസർ |
| | ശ്രീ.ജോമോൻ.ഇ.കെ | അസി.ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി.രേഖ.സി | സീനിയർ ഗ്രേഡ്ഓഡിറ്റർ |

നിർവ്വഹണ അധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ. കെ.കെ. സതീശൻ | 01-04-2017 മുതൽ 31-03-2018 വരെ |
| സെക്രട്ടറി | ശ്രീ. വി. ആന്റണി | 01-04-2017 മുതൽ 31-03-2018 വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | | |
| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
| അസി.എഞ്ചിനീയർ | ശ്രീമതി. സീമ. ടി. എസ്. | 01-04-2017 മുതൽ 31-03-2018 വരെ |
| കൃഷി ഓഫീസർ | എൻ. കെ. സരസ്വതി | 01-04-2017 മുതൽ 26-02-2018 FN വരെ |
| | ശ്രീ. സുമേഷ്. എസ് | 26-02-2018 AN മുതൽ 31-03-2018 വരെ |
| വി.ഇ.ഒ | ശ്രീ. ഹരി. കെ. എ | 01-04-2017 മുതൽ 27-07-2017 FN വരെ (ചൊവ്വന്നൂർ & |

| | | |
|---|---|---|
| | | കാണിപ്പയ്യൂർ) |
| | ശ്രീ. നിഖിൽ. കെ | 27-07-2017 AN മുതൽ 31-03-2018 വരെ (കാണിപ്പയ്യൂർ സർക്കിൾ) |
| | ശ്രീമതി. റാണി. വി. ജോർജ്ജ് | 27-07-2017 AN മുതൽ 31-03-2018 വരെ (ചൊവ്വന്നൂർ സർക്കിൾ) |
| | ശ്രീമതി. റാണി. വി. ജോർജ്ജ് (ചൊവ്വന്നൂർ സർക്കിൾ) | 27-07-2017 AN മുതൽ 31-03-2018 FN വരെ |
| വെറ്ററിനറി സർജൻ | ഡോ. സലിൽ. യു. | 01-04-2017 മുതൽ 31-03-2018 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | ഡോ. കെ.കെ.ജയശ്രീ | 01-04-2017 മുതൽ 31-05-2017 FN വരെ |
| | ജസ്റ്റിൻ മാമ്മൻ | 31-05-2017 AN മുതൽ 21-07-2017 FN വരെ |
| | ഉമ. കെ. ശങ്കർ | 21-07-2017 AN മുതൽ 31-03-2018 വരെ |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | ഡോ. പി.ജെ. ജിതേഷ് | 01-04-2017 മുതൽ 31-03-2018 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി. ഊർമ്മിള. വി.എസ്. | 01-04-2017 മുതൽ 14-11-2017 FN വരെ |
| | ശ്രീമതി. ലിപ്സി. എം.വി. | 14-11-2017 AN മുതൽ 21-11-2017 FN വരെ |
| | ശ്രീമതി. ലളിത. വി.പി. | 21-11-2017 AN മുതൽ 31-03-2018 വരെ |
| അസി, സെക്രട്ടറി | ശ്രീ. ഉല്ലാസ് കുമാർ. കെ.എ. | 01-04-2017 മുതൽ 31-03-2018 വരെ |

ഉള്ളടക്കം


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷികധനകാര്യപത്രിക | 1-2 | |
| 3 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 1-3 | |
| 4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം | 1-6 | |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 | |
| 8 | ക്ഷേമ പദ്ധതികൾ | 1-8 | |
| 9 | ക്യാഷ് പരിശോധന | 1-9 | |
| 10 | ആഭ്യന്തരനിയന്ത്രണം | 1-10 | |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 | |

| | | | |
|---|---|---|---|
| 12 | വാർഷികകണക്കുകളിലെ അപാകതകൾ | 1-12 | |
| | ഭാഗം 2 | | |
| 13 | ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി | 2-1 | |
| 14 | ബഡ്ജറ്റ് | 2-2 | |
| 15 | ഭവനനിധി രൂപീകരിച്ചിട്ടുണ്ടെങ്കിലും ധനസമാഹരണം ആരംഭിച്ചിട്ടില്ല. | 2-3 | |
| 16 | കെട്ടിടം പൊളിച്ചു കളയൽ - അനർഹമായ കാലയളവിലേക്ക് വസ്തുനികുതി ഇളവു നൽകിയിരിക്കുന്നു | 2-4 | |
| 17 | വസ്തുനികുതി | 2-5 | |
| 18 | പെർമിറ്റ്-അപാകതകൾ | 2-6 | |
| 19 | ലേലം -രേഖകൾ യഥാവിധി സൂക്ഷിക്കുന്നില്ല | 2-7 | |
| 20 | ഗ്രാമപഞ്ചായത്ത് വക കെട്ടിടങ്ങളുടെ വാടക -അറ്റ കുറ്റ പണികൾ വൈകുന്നതിനാൽ പഞ്ചായത്തിന് വരുമാന നഷ്ടം | 2-8 | |
| 21 | ഡി&ഒ ലൈസൻസ് -അപാകതകൾ | 2-9 | |
| 22 | ഇ-ടെണ്ടർ - ടെണ്ടർ ഫോംവില പഞ്ചായത്ത് ഫണ്ടിൽ വരവ് വെയ്ക്കേണ്ടതാണ് | 2-10 | |
| 23 | വ്യാപാര സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി സംബന്ധിച്ച് | 2-11 | |
| | ഭാഗം 3 | | |
| 24 | വിവിധ കമ്മിറ്റികളുടെ പ്രവർത്തനത്തിലെ അപാകതകൾ. | 3-1 | |
| 25 | റോഡ് കണക്ടിവിറ്റി ഭൂപടം തയ്യാറാക്കിയിട്ടില്ല | 3-2 | |
| 26 | പഴുന്നാന കുടിവെള്ള പദ്ധതി - പ്രവർത്തനം പുനരാരംഭിച്ചിട്ടില്ല. | 3-3 | |
| 27 | ആധുനിക ഗ്യാസ് ക്രിമറ്റോറിയം-കോസ്റ്റ് ഫോഡിന് തുക കൈമാറി ഒരുവർഷം കഴിഞ്ഞിട്ടും പ്രവൃത്തി ആരംഭിച്ചിട്ടില്ല | 3-4 | |
| 28 | തെരുവ് വിളക്കുകളുടെ വാർഷിക അറ്റകുറ്റപ്പണി - | 3-5 | |
| 29 | നീർത്തടാധിഷ്ഠിത മാസ്റ്റർ പ്ലാൻ കാലികമാക്കൽ പദ്ധതി നടപ്പാക്കിയില്ല | 3-6 | |
| 30 | ഐ സി ഡി എസ് സൂപ്പർ വൈസർ നിർവഹണോദ്യോഗസ്ഥനായുള്ള പദ്ധതികളുടെ നടത്തിപ്പിലെ അപാകതകൾ | 3-7 | |
| 31 | വി ഇ ഒ നിർവഹണോദ്യോഗസ്ഥനായുള്ള പദ്ധതി നടത്തിപ്പിലെ അപാകതകൾ | 3-8 | |
| 32 | തൊഴിലുറപ്പ് പദ്ധതി -അവലോകനം | 3-9 | |
| 33 | ലോഗ് ബുക്ക് പരിപാലനം-അപാകതകൾ | 3-10 | |
| | ഭാഗം 4 | | |
| 34 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-1 | |

| | | | |
|---|---|---|---|
| 35 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 36 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 | |
| 37 | വായ്പ / വായ്പാതിരിച്ചടവ് | 4-4 | |
| 38 | സ്ഥിര നിക്ഷേപം | 4-5 | |
| 39 | ഓഡിറ്റ് റിക്കവറി | 4-6 | |
| 40 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-7 | |
| 41 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-8 | |
| 42 | ഓഡിറ്റ് പ്രത്യവലോകനം | 4-9 | |
| 43 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 | |
| 44 | അനുബന്ധം 1(ഓഡിറ്റ് സർട്ടിഫിക്കറ്റ്, | | |
| 45 | അനുബന്ധം 2 (റസീറ്റ് & പേയ്മെന്റ് പത്രിക, ,ഇൻകം &എക്സ്പെൻഡിച്ചർ പത്രിക,,ബാലൻസ് ഷീറ്റ് ) | | |



# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

28-03-2017 തീയതിയിലെ 1/1 തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ / പരിഷ്കരിച്ച ബജറ്റ് 26-03-2018 തീയതിയിലെ 4/4 തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-07-2018 | 01-06-2018 | --- | 16-06-2018 |

## 1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 20-06-2018, 21-06-2018 | കെ.എസ്.എ.-ടി.എസ്.ആർ(ഇ3)1150/18(12) തീയതി 12-07-2018 |

## 1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 59,10,267.72 |
| വരവ് | 4,31,29,431 |
| ആകെ | 4,90,39,698.72 |
| ചെലവ് | 4,35,67,285 |
| നീക്കിയിരിപ്പ് | 54,72,413.72 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | | 0 | 8001000 | 8001000 | 7600209 | 400791 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | 0 | 3450892 | 3450892 | 3412741 | 38151 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | | 0 | 0 | 0 | 0 | 0 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | 0 | 5780000 | 5780000 | 5667081 | 112919 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 0 | 2591000 | 2591000 | 2585090 | 5910 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | 0 | 3758085 | 3758085 | 3752841 | 5244 |
| കെ.എൽ.എസ്.ജി.ഡി.പി (ACR പ്രകാരം) | | 0 | 900772 | 900772 | 893860 | 6912 |
| സാക്ഷരത | | 0 | 0 | 0 | 0 | 0 |
| ദുരിതാശ്വാസനിധി | | 0 | 0 | 0 | 0 | 0 |
| എം.ജി.എൻ.ആർ.ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി | 0 | 1976316 | 1976316 | 1976316 | 0 |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 8953 | 189983 | 198936 | 195467 | 3469 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) ICDS | | 689978 | 189101 | 879079 | - | 879079 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) TSC | | 36000 | - | 36000 | - | 36000 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 243400 | 5400700 | 5644100 | 2658121 | 2985979 |
| | ജില്ലാ പഞ്ചായത്ത് | 3000 | 925000 | 928000 | 616100 | 311900 |
| ബി ഫണ്ട് | | 0 | 27835276 | 27835276 | 27835276 | 0 |
| ജനറൽ പർപ്പസ് ഗ്രാന്റ് | | 1583220 | 6028468 | 7611688 | 7502104 | 109584 |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് | 3811984 | 6876684 | 10688668 | 5672736 | - |
| | ട്രഷറി അക്കൗണ്ട് | 1583220 | 6028468 | 7611688 | 7493440 | 118248 |
| മറ്റിനം | | | | | | |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 116 | 38861344 | 106 | 27458023 | 0 | 10 | 91.37% |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

---ഇല്ല---

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 8953 | 189983 | 198936 | 195467 | 3469 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | - | 1970832 | 1970832 | 0 |

## 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 11040 | 18 |
| കർഷകതൊഴിലാളി പെൻഷൻ | 3431600 | 290 |
| വിധവാപെൻഷൻ | 8594200 | 718 |
| വാർദ്ധക്യകാലപെൻഷൻ | 11853600 | 900 |
| വികലാംഗപെൻഷൻ | 2163700 | 197 |
| 50 വയസ്സിനു മുകളിലുള്ള അവിവാഹിതകളായ സ്ത്രീകൾക്കുള്ള പെൻഷൻ | 1266600 | - |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 270000 | 9 |

## 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 25-09-2018 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 51,697/-രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

1. ഗ്രാമ പഞ്ചായത്ത് പൗരാവകാശ രേഖ കാലികമായി പരിഷ്കരിച്ച് പ്രസിദ്ധീകരിച്ചിട്ടില്ല.

2. ആസ്തി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും പഞ്ചായത്തിന്റെ എല്ലാ ആസ്തികളും അതിൽ ഉണ്ടെന്ന് ഉറപ്പുവരുത്തിയിട്ടില്ല. കൂടാതെ പുതുതായി സൃഷ്ടിക്കപ്പെടുന്ന ആസ്തികൾ അതിന്റെ യഥാർത്ഥ മൂല്യത്തോടെയും, ചട്ടത്തിൽ നിഷ്കർഷിക്കുന്ന ഡിപ്രീസിയേഷൻ നൽകിയും ചേർത്തിട്ടുണ്ടെന്ന് ഉറപ്പുവരുത്തിയിട്ടില്ല.

3. സ്റ്റോക്ക് ആന്റ് സ്റ്റോഴ്സ് , മറ്റു വിലപ്പെട്ട രേഖകൾ എന്നിവക്ക് ഇൻഷൂറൻസ് പരിരക്ഷ ഇല്ല.

4. സ്റ്റോക്ക് രജിസ്റ്ററിൽ സാധനങ്ങളുടെ മൂല്യം രേഖപ്പെടുത്തി സെക്രട്ടറി ഒപ്പു വെച്ച് ആധികാരികമാക്കുന്നില്ല.

5. പല പദ്ധതികളിലും പർച്ചേയ്സ് ഓർഡർ, കരാറുകൾ, വർക്ക് ഓർഡർ എന്നിവ ചമച്ചുകാണുന്നില്ല.

6. നിർവ്വഹണോദ്യോഗസ്ഥരിൽ പലരും പ്രോജക്ട് ഫയലുകൾ ശരിയായ രീതിയിൽ സൂക്ഷിക്കുന്നില്ല. പല പ്രോജക്ട് ഫയലുകളിലും അവശ്യം വേണ്ട സാക്ഷ്യപത്രങ്ങൾ സൂക്ഷിച്ചിട്ടില്ല. ഗുണഭോക്താക്കളുമായുള്ള കരാറിന് പകരം വെറും ഒപ്പിട്ട മുദ്രപത്രങ്ങൾ മാത്രമാണ് കാണുന്നത്.

7. പെൻഷൻ അപേക്ഷ രജിസ്റ്ററുകളിൽ അപേക്ഷ തീർപ്പാക്കിയതു സംബന്ധിച്ച വിവരങ്ങളും , കൂടാതെ എല്ലാ ഡി. ആന്റ് ഒ ലൈസൻസിനുള്ള അപേക്ഷകളിലും പഞ്ചായത്തു സെക്രട്ടറിയുടെ തീരുമാനം രേഖപ്പെടുത്തിക്കൊണ്ടുള്ള സാക്ഷ്യപ്പെടുത്തലും ഇല്ല.

8. പ്രതിമാസം സ്റ്റാഫ് മീറ്റിംഗ് വിളിച്ചു ചേർക്കുന്നുണ്ടെങ്കിലും ഓഫീസ് തീരുമാനങ്ങൾ നടപ്പിലാക്കുന്നുണ്ടോ എന്ന് മേലുദ്യോഗസ്ഥരും, ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും പരിശോധിച്ച് ഉറപ്പു വരുത്തുന്നില്ല.

9. ജീവനക്കാരുടെ ചുമതലകൾ വ്യക്തമാക്കുന്ന ഓഫീസ് ഉത്തരവ് സെക്രട്ടറി പുറപ്പെടുവിക്കുന്നുണ്ട്. ജീവനക്കാർ പേഴ്സണൽ രജിസ്ററർ, റണ്ണിംഗ് നോട്ട് എന്നിവ എഴുതി സൂക്ഷിക്കുന്നില്ല.

10. ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടില്ല. (18-3-2003 ലെ സ.ഉ. 92/2003 , 2003 ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങൾ.)

11. ഇ ടെണ്ടർ സമ്പ്രദായത്തിലൂടെ മരാമത്ത് പ്രവൃത്തികൾക്ക് കരാർ നൽകുമ്പോൾ ലഭിക്കേണ്ട, ജില്ലാ പഞ്ചായത്ത് അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്യപ്പെട്ട തുക തിരികെ ലഭ്യമായിട്ടില്ല.

12 ലൈഫ് മിഷന് വേണ്ടി ഭവന നിധി രൂപീകരിച്ചിട്ടുണ്ടെങ്കിലും തുക വരവ് വന്നില്ല.

13 .ഗ്രാമ പഞ്ചായത്ത് ഭരണ സമിതിയുടേയും വിവിധ സ്റ്റാന്റിംഗ് കമ്മിറ്റകൾ, വർക്കിംഗ് ഗ്രൂപ്പുകൾ, ഗ്രാമ സഭകൾ എന്നിവയുടെയും

യോഗങ്ങൾ നിയമത്തിലും, ചട്ടങ്ങളിലും വ്യവസ്ഥ ചെയ്തിരിക്കുന്ന പ്രകാരം കൂടുന്നുണ്ടെങ്കിലും, സ്ഥാപനത്തിന്റെ വരവ് ചെലവ് കണക്കുകൾ, പദ്ധതിച്ചെലവുകൾ, ദൈനംദിന പ്രവർത്തനങ്ങൾ എന്നിവയുടെ വിലയിരുത്തൽ നടത്തുന്നില്ല. യോഗത്തിന്റെ മിനിറ്റ്സുകൾ, ഗ്രാമ സഭ മിനിറ്റ്സുകൾ എന്നിവ ഒരുവിധം ഭംഗിയായി എഴുതി സൂക്ഷിക്കുന്നുണ്ട്. (ഗ്രാമ സഭ മിനിറ്റ്സ് ബുക്കുകൾ പലതിലും വാർഡ് മെമ്പർ, ഗ്രാമ സഭ കോ ഓർഡിനേറ്റർ എന്നിവർ ഒപ്പിട്ട് ക്ളോസ് ചെയ്യുന്നില്ല). എന്നാൽ ഗ്രാമ സഭയിൽ ചർച്ച ചെയ്ത പല വിഷയങ്ങളെ സംബന്ധിച്ചും പാസ്സാക്കിയ പല പ്രമേയങ്ങളും പഞ്ചായത്ത് കമ്മിറ്റി ചർച്ച ചെയ്തതായി കാണുന്നില്ല.

14. സ്റ്റാറ്റസ് റിപ്പോർട്ട്, വർക്കിംഗ് ഗ്രൂപ്പ് നിർദ്ദേശങ്ങൾ എന്നിവ ഉൾക്കൊണ്ടുകൊണ്ടല്ല പദ്ധതികളിൽ പലതും രൂപീകരിക്കപ്പെടുന്നത്.

ആഭ്യന്തര നിയന്ത്രണ സംവിധാനങ്ങൾ ശക്തിപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ പഞ്ചായത്ത് കമ്മിറ്റിയും വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികളും കൈക്കൊള്ളേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 19-09-2018 | 8/2018 | റിപ്പോർട്ട് ലഭിച്ചിട്ടില്ല. |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 21-07-2016 മുതൽ 04-08-2016 വരെ | 2011-2012 മുതൽ 2015-2016 വരെ | 07-09-2016 |

## 1-12 വാർഷികകണക്കുകളിലെ അപാകതകൾ

ചെലവ് ശീർഷകങ്ങൾ കൃത്യമായി ബുക്ക് ചെയ്യുന്നില്ല. വാർഷികകണക്കുകൾ കൃത്യമാണെന്ന് അഭിപ്രായപ്പെടുന്നില്ല.

കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, സർക്കാർ ഉത്തരവ് 152/2011 ത.സ്വ.ഭ.വ തീയ്യതി 26/7/2011 പ്രകാരം നിർദ്ദേശിച്ചിട്ടുള്ള അക്കൗണ്ടിംഗ് നയങ്ങൾ എന്നിവയ്ക്ക് അനുസൃതമായി റവന്യൂ, മൂലധന ചെലവുകൾ വേർതിരിച്ച് കൃത്യമായ ശീർഷകങ്ങളിൽ രേഖപ്പെടുത്താത്തതിനാൽ ഗ്രാമപഞ്ചായത്തിന്റെ 2017-18ലെ ഇൻകം&എക്സ്പെൻഡിച്ചർ അക്കൗണ്ട് കൃത്യമായ പ്രവർത്തനഫലം രേഖപ്പെടുത്തുന്നതായോ, 31.3.2018ലെ ബാലൻസ്ഷീറ്റ് കൃത്യമായ സാമ്പത്തികനില പ്രതിഫലിപ്പിക്കുന്നതായോ ഓഡിറ്റിൽ അഭിപ്രായപ്പെടുന്നില്ല. ഓഡിറ്റ് എൻക്വയറി നം.16/27.9.18 നുള്ള മറുപടിയിൽ പദ്ധതിച്ചെലവുകൾ ഉചിതമായ ശീർഷകത്തിൽ രേഖപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്.

| ക്രമ നം. | പ്രോജക്റ്റ് നമ്പർ | പ്രോജക്റ്റ് | ചെലവ് തുക | ബുക്ക് ചെയ്ത ശീർഷകം | ഉചിതമായി നിർദ്ദേശിക്കുന്ന ശീർഷകം | ഓഡിറ്റിന്റെ അഭിപ്രായം | വൗച്ചർ/തീയ്യതി |
|---|---|---|---|---|---|---|---|
| 1. | 93 | പഞ്ചായത്ത് ഓഫീസിലെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തൽ -വാട്ടർ പ്യൂരിഫൈയർ,ജനറേറ്റർ എന്നിവ വാങ്ങൽ | 361900 | 412010101-Capital work in progress (21900/-, 310000/-) 410200199-Building -others (30000/-/ | 410710103-Movable Assets - Office Equipments & Other Equipments | വാങ്ങൽ പൂർത്തീകരിച്ചിട്ടുള്ളതാണ്. | 21700705/27.7.17<br>21700724/25.10.17<br>21700725/25.10.17 |
| 2. | 70 | കൃഷിഭവൻ ഓഫീസ് -അടിസ്ഥാന സൗകര്യം-കംപ്യൂട്ടർ വാങ്ങൽ | 61000/- | 412010101-Capital work in progress | 410710103-Movable Assets - Office Equipments & Other Equipments | വാങ്ങൽ പൂർത്തീകരിച്ചിട്ടുള്ളതാണ്. | 21700858/21.2.18 |

| | | | | | | | |
|---|---|---|---|---|---|---|---|
| 3. | 91 | പഞ്ചായത്ത് ഓഫീസിലേക്ക് പ്രിന്റർ,യു.പി.എസ് സ്കാനർ എന്നിവ വാങ്ങൽ | 199539 | 412010101-Capital work in progress | 410710103-Movable Assets - Office Equipments & Other Equipments | വാങ്ങൽ പ്രക്രിയപൂർത്തീകരിച്ചിട്ടുള്ളതാണ്. | 21700701/ 19.7.17 21700692/ 22.6.17 21700691/ 22.6.17 21700711/ 19.11.17 21700694/ 27.6.17 |

മറ്റ് അപാകതകൾ അനുബന്ധമായി ചേർക്കുന്നു.

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി

കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 162 എ(i) പ്രകാരം ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റികൾ ധനകാര്യം, നികുതി, അക്കൗണ്ടുകൾ, ഓഡിറ്റ്, പൊതുഭരണം, നികുതി സംബന്ധമായ അപ്പീൽ, മറ്റ് സ്റ്റാന്റിംഗ് കമ്മിറ്റികൾക്ക് നൽകിയിട്ടില്ലാത്ത വിഷയങ്ങൾ എന്നിവ കൈകാര്യം ചെയ്യേണ്ടതാണ്.

13-ാം പദ്ധതിയുടെ ആദ്യ വാർഷിക പദ്ധതി ആസൂത്രണവുമായി ബന്ധപ്പെട്ട് സ്റ്റാൻഡിംഗ് കമ്മിറ്റികളുടെ ചുമതലകൾ സർക്കാർ ഉത്തരവ് (എം.എസ്)72/2017 ത.സ്വ.ഭ.വ തീ 29.3.2017 ൽ അനുബന്ധം 3 ആയി ചേർത്തിട്ടുണ്ട്.പദ്ധതി ആസൂത്രണവും മോണിറ്ററിങ്ങുമായി ബന്ധപ്പെട്ട വിഷയങ്ങളിലെ വർക്കിംഗ് ഗ്രൂപ്പുകളുടെ ചുമതലയും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയ്ക്കാണ്.

കേരള പഞ്ചായത്ത് രാജ് പരിശോധന രീതിയും ഓഡിറ്റ് സംവിധാനങ്ങളും ചട്ടങ്ങൾ 13(1),13(1)(XIV) എന്നിവയിലെ നിർദ്ദേശത്തിനനുസൃതമായി ഭരണപരമായി കാര്യക്ഷമതയുമായി ബന്ധപ്പെട്ട് താഴെ ചേർത്തിരിക്കുന്ന നിരീക്ഷണങ്ങൾ ചേർക്കുന്നു.

## 2-2 ബഡ്ജറ്റ്

സെക്രട്ടറി, വിവിധ ഓഫിസ് തലവൻമാർ എന്നിവരുടെ യോഗം ചേർന്ന് ബഡ്ജറ്റ് എസ്റ്റിമേറ്റുകൾ തയ്യാറാക്കി അതാത് വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന സ്റ്റാൻഡിങ്ങ് കമ്മിറ്റികൾക്ക് നൽകുകയും ഇവ അതാത് സ്റ്റാൻഡിങ്ങ് കമ്മിറ്റികൾ പരിശോധിച്ച് , ജനവരി 15 ന് മുമ്പ് ബഡ്ജറ്റ് നിർദ്ദേശങ്ങൾ തയ്യാറാക്കി ധനകാര്യ സ്റ്റാന്റിങ്ങ്കമ്മിറ്റിക്ക് നൽകണമെങ്കിലും അപ്രകാരം സ്റ്റാന്റിംഗ് കമ്മിറ്റികൾക്ക് ഉദ്യോഗസ്ഥർ നിർദ്ദേശങ്ങൾ സമർപ്പിച്ചതായോ സ്റ്റാൻഡിംഗ് കമ്മിറ്റികൾ ഇവ പരിശോധിച്ച് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയ്ക്ക് ബഡ്ജറ്റ് നിർദ്ദേശങ്ങൾ സമർപ്പിക്കുകയോ ചെയ്തതായി മിനിട്സിൽ രേഖപ്പെടുത്തലുകളില്ല. (കേ.പ.രാ.നിയമം വകുപ്പ് 214(1)).ഇതു മൂലം ഘടക സ്ഥാപനങ്ങളുടെ ആവശ്യങ്ങൾ പരിഗണിക്കപ്പെടാതെയും അനിവാര്യ ചുമതലകളിൽപ്പെടുന്ന എല്ലാ മേഖലയിലും ആവശ്യത്തിന് തുക വകയിരുത്താതെയും പോകുന്നു.ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി ബഡ്ജറ്റ് തയ്യാറാക്കി മാർച്ച് ആദ്യവാരത്തിൽ അംഗീകാരത്തിനായി സമർപ്പിക്കേണ്ടതാണ്.(കേ.പ.രാ.നിയമം വകുപ്പ് 214(1എ)(1))ആയത് സമയബന്ധിതമായി ചെയ്തിട്ടില്ല.

## 2-3 ഭവനനിധി രൂപീകരിച്ചിട്ടുണ്ടെങ്കിലും ധനസമാഹരണം ആരംഭിച്ചിട്ടില്ല.

സമ്പൂർണ്ണ പാർപ്പിട സുരക്ഷ പദ്ധതി(ലൈഫ് ഭവന പദ്ധതി)യുടെ മാർഗ്ഗരേഖ ഉത്തരവ് നം സ.ഉ151/2017 തീ 31.7.17 ൽ ലൈഫ് ഭവന പദ്ധതിയുടെ ധനസമാഹരണത്തിൽ പൊതുജന പങ്കാളിത്തം ഉറപ്പാക്കുന്നതിനായി ഒരു ഭവനനിധി രൂപീകരിക്കേണ്ടതാണെന്നും എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലും ബന്ധപ്പെട്ട അദ്ധ്യക്ഷൻ,സെക്രട്ടറി എന്നിവരുടെ പേരിൽ ജോയിന്റ് അക്കൗണ്ട് ആയി ഭവനനിധി ആരംഭിക്കേണ്ടതാണെന്നും നിർദ്ദേശമുണ്ട്.ആയതനുസരിച്ച് ചൊവ്വന്നൂർ ഗ്രാമ പഞ്ചായത്ത് ,കേരള ഗ്രാമീൺ ബാങ്ക്,കന്ദംകുളം ശാഖയിൽ 16-03-2018ൽ സെക്രട്ടറി,പ്രസിഡന്റ് എന്നിവരുടെ പേരിൽ സംയുക്ത അക്കൗണ്ട് തുടങ്ങിയിട്ടുണ്ട്.(a/c no.40301101041572), . എന്നാൽ നാളിതുവരെയായി ഭവനനിധിയിലേക്ക് ധനസമാഹരണം ആരംഭിച്ചിട്ടില്ല.

ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനപരിധിയിലും ഉള്ള തൊഴിലാളികൾ,ഉദ്യോഗസ്ഥർ,കച്ചവടക്കാർ,സംരംഭകർ തുടങ്ങി എല്ലാവരിൽ നിന്നും ഒരു ദിവസത്തെവേതനം / വരുമാനം ഭവനനിധിയിലേക്ക് സംഭാവനയായി ശേഖരിക്കാൻ തദ്ദേശ സ്വയംഭരണസ്ഥാപനത്തിന് കഴിയണം എന്നാണ് ലൈഫ് ഭവന പദ്ധതിയുടെ മുകളിൽ പറഞ്ഞ മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിട്ടുള്ളത്. സമൂഹത്തിലെ വിവിധ മേഖലയിൽ പ്രവർത്തിക്കുന്നവർ,സ്ഥാപനങ്ങൾ എന്നിവർക്ക് ഈ അക്കൗണ്ടിലേക്ക്

സംഭാവന നൽകാവുന്നതാണ്.വാർഡ് മെമ്പർമാരുടെ നേതൃത്വത്തിൽ വേണ്ട രീതിയിൽ പ്രചരണം നടത്തി പരമാവധി ജനങ്ങളിലേക്ക് ഈ പദ്ധതിയെ സംബന്ധിച്ച് വിവരം എത്തിച്ച് സംഭാവനകൾ സ്വീകരിക്കുന്നതിന് നടപടി സ്വീകരിക്കുന്നതിലേക്ക് പഞ്ചായത്ത് അധികാരികളുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 2-4 കെട്ടിടം പൊളിച്ചു കളയൽ - അനർഹമായ കാലയളവിലേക്ക് വസ്തുനികുതി ഇളവു നൽകിയിരിക്കുന്നു

ഒരു കെട്ടിടം പൊളിച്ചു കളയുകയോ നശിപ്പിക്കുകയോ ചെയ്യുകയാണെങ്കിൽ കെട്ടിട ഉടമസ്ഥൻ അതു സംബന്ധിച്ച് സെക്രട്ടറിക്ക് നോട്ടീസ് നൽകേണ്ടതും അതത് അർദ്ധ വർഷത്തിന്റെ അവസാനം വരെ അപ്രകാരം ചെയ്തിട്ടില്ലായിരുന്നുവെങ്കിൽ അതുവരെ ചുമത്തപ്പെട്ട വസ്തു നികുതി നൽകാൻ ബാദ്ധ്യസ്ഥനമാണ് . എന്നാൽ ചൊവ്വന്നൂർ പഞ്ചായത്തിലെ Register of demolished buildings,ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി മിനിട്സ് എന്നിവ പ്രകാരം ഇതിൽ നിന്നും വ്യത്യസ്തമായി പൊളിച്ചു കളഞ്ഞ മുഴുവൻ കെട്ടിടങ്ങളുടേയും2017-18 വർഷത്തെ വസ്തു നികുതി ഇളവു ചെയ്തിരിക്കുന്നു.

ഉദാഹരണത്തിന്

| വീട്ട് നമ്പർ | പേര് | കെട്ടിടം പൊളിച്ച തീയതി |
|---|---|---|
| 2/226 | ജോസഫീന | 18.12.2017 |
| 1/184 | തങ്കമണിയമ്മ | 13.11.2017 |

അപേക്ഷകൾ പരിശോധിച്ച് അനർഹമായ കാലയളവിലേക്ക് നൽകിയ ഇളവുകൾ റദ്ദാക്കി പ്രസ്തുത കാലയളവിലെ വസ്തു നികുതി കുടിശ്ശിക ഈടാക്കേണ്ടതാണ് .

## 2-5 വസ്തുനികുതി

10.04.2017ലെ ധനകാര്യ സ്റ്റാൻറിങ്ങ് കമ്മിറ്റിയുടെ 2(1) തീരുമാന പ്രകാരം ശ്രീമതി സൈനബ ,രായം മരക്കാർ വീട് എന്നവരുടെ ഉടമസ്ഥതയിലുള്ള 3/64 നം കെട്ടിടത്തിന്റെ തരം കല്യാണമണ്ഡപം എന്നതിൽ നിന്നും പാർപ്പിടാവശ്യം എന്നതിലേക്ക് മാറ്റുകയും നികുതി നിരക്ക് 3077/-രൂപ ആയി പുനർ നിർണ്ണയിക്കുകയും ചെയ്തിട്ടുണ്ട് .ആയതു പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ച തീരുമാനം, കെട്ടിട ഉടമ സമർപ്പിച്ച പുതുക്കിയ വസ്തുനികുതി റിട്ടേൺ എന്നിവ പരിശോധനക്ക് ലഭിച്ചില്ല.തരം മാറ്റിയത് 30 ദിവസത്തിനകം കെട്ടിട ഉടമ സെക്രട്ടറിയെ അറിയിച്ചിട്ടുണ്ടോ എന്ന് അപേക്ഷയിൽ നിന്നും വ്യക്തമല്ല.കുടിശ്ശിക തുക അടവാക്കിയതിന്റെ അനുബന്ധ രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ് .

കെട്ടിടം തരം മാറിയത് 2ാമത്തെ അർദ്ധ വർഷത്തിന്റെ അവസാന രണ്ട് മാസത്തിനുള്ളിലാണെങ്കിൽ പുതുക്കിയ നിരക്കിലുള്ള വസ്തുനികുതി അടുത്ത അർദ്ധ വർഷം മാത്രമാണ് നിലവിൽ വരുന്നത് (2011ലെ KPBR(വസ്തുനികുതിയും സർചാർജ്ജും )ചട്ടങ്ങൾ ചട്ടം 17(3)).ശ്രീമതി സൈനബ 30/3/17നു മാത്രമാണ് അപേക്ഷ നൽകിയത്.എന്നാൽ 16-17 മുതൽ ഈകെട്ടിടത്തിന്റെ വസ്തുനികുതി 3077 രൂപയായി പുനർ നിർണ്ണയിച്ചിട്ടുണ്ട്. 2014-15 ൽ തന്നെ ശ്രീമതി സൈനബ നികുതി ഇളവിനായി അപേക്ഷിച്ചിരുന്നുവെന്നും ആയത് യഥാവിധി പരിഹരിക്കാൻ പഞ്ചായത്തിന് സാധിച്ചില്ലെന്നും ഓഡിറ്റ് എൻക്വയറി 25/28.09.17 ന നൽകിയ മറുപടിയിൽ പറയുന്നു. എന്നാൽ ടി അപേക്ഷ പരിശോധനക്ക് ലഭ്യമായിട്ടില്ല.

## 2-6 പെർമിറ്റ്-അപാകതകൾ

2011ലെ കേരളാ പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 10(XIII) പ്രകാരം 100 ച.മി വരെയുള്ള പാർപ്പിട വിനിയോഗത്തിലുള്ള കെട്ടിടങ്ങൾക്ക് പെർമിറ്റിനു പകരം നിരാക്ഷേപ സാക്ഷ്യപത്രമാണ് നൽകേണ്ടത്. എന്നാൽ സങ്കേതം സോഫ്റ്റ് വെയർ വഴി ലഭിച്ച ഇത്തരത്തിലുള്ള അപേക്ഷകളിൽ നിരാക്ഷേപ സാക്ഷ്യപത്രത്തിനു പകരം പെർമിറ്റ് ഫീസ് ഈടാക്കി പെർമിറ്റ് അനുവദിച്ചിരിക്കുന്നു. ചൊവ്വന്നൂർ ഗ്രാമപഞ്ചായത്തിൽ നേരിട്ട് ലഭിച്ച ഇത്തരത്തിലുള്ള അപേക്ഷകളിലും പെർമിറ്റ് ആണ് അനുവദിച്ചിരിക്കുന്നത്.ചില ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | പേര് | പെർമിറ്റ് നം/തീയതി | ഏരിയ(ച.മി) | ഈടാക്കേണ്ട ഫീസ് | ഈടാക്കിയ ഫീസ് |
|---|---|---|---|---|---|
| 1 | രാമചന്ദ്രൻ | A3-BA (8406)/2018 dtd 30/12/17 | 99.76 | 0 | 300 |
| 2. | മുകുന്ദൻ | A3-BA (22893)/2018 dtd 31/1/18 | 79.44 | 0 | 239 |

താഴെ പറയുന്ന പെർമിറ്റ് അനുവദിച്ചപ്പോൾ ഈടാക്കിയ പെർമിറ്റ് ഫീസിൽ വ്യത്യാസം കാണുന്നു.കുറവ് വന്ന തുക ഈടാക്കേണ്ടതാണ്.

| ക്രമ നം. | പേര് | പെർമിറ്റ് നം/തീയതി | ഏരിയ(ച.മി) | ഈടാക്കേണ്ട ഫീസ് | ഈടാക്കിയ ഫീസ് | കുറവ് |
|---|---|---|---|---|---|---|
| 1 | പ്രദീപ് | A3/3794/17 dtd 12/12/17 | 101.21 | 101.27*5= 506.35 | 304 | 202 |
| 2. | സെക്രട്ടറി Kerala Khadi and Village Industries | A3-BA (62674)/2018 dtd 19.3.18 | 241.84 | 241.84*5=1210 | 988 | 222 |
| | ആകെ | | | | | 424 |

## 2-7 ലേലം -രേഖകൾ യഥാവിധി സൂക്ഷിക്കുന്നില്ല.

2017-18 വർഷത്തിൽ നടന്ന മത്സ്യ ലേലങ്ങളോടനുബന്ധിച്ച് 500രൂപയിൽ അധികരിച്ച ലേലത്തുകകളിൽ ലേലം കൊണ്ട വ്യക്തി 200 രൂപയുടെ മുദ്രപത്രത്തിൽ പഞ്ചായത്തുമായി കരാർ വെക്കേണ്ടതുണ്ട്. എന്നാൽ മുദ്രപത്രങ്ങളിൽ കരാർ വ്യവസ്ഥകളോ മറ്റു രേഖപ്പെടുത്തലുകളോ ഇല്ല.

2017-18 വർഷത്തിലേക്കുള്ള മത്സ്യ ലേലങ്ങളോടനുബന്ധിച്ച ലേല ഡയറികളിൽ ലേലം അംഗീകരിച്ച /നിരസിച്ച തീരുമാനം സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

## 2-8 ഗ്രാമപഞ്ചായത്ത് വക കെട്ടിടങ്ങളുടെ വാടക -അറ്റ കുറ്റ പണികൾ വൈകുന്നതിനാൽ പഞ്ചായത്തിന് വരുമാന നഷ്ടം

പഞ്ചായത്തു വക കെട്ടിടങ്ങളിൽ വനിതാ വികസന കേന്ദ്രത്തിന്റെ ബൈലോ മാത്രമാണ് പരിശോധനക്ക് നൽകിയിട്ടുള്ളത് . ഷോപ്പിങ്ങ് കോംപ്ലക്സ് ,കമ്മ്യൂണിറ്റി ഹാൾ എന്നിവ കൂടി ഉൾപ്പെടുത്തി ബൈലോ തയ്യാറാക്കേണ്ടതാണ്.
വനിതാ വികസന കേന്ദ്രത്തിലെ 3 മുറികളും ഷോപ്പിങ്ങ് കോംപ്ലക്സിലെ ഒരു മുറിയും. 2016-17, 2017-18 വർഷങ്ങളിൽ വാടകക്ക് നൽകിയിട്ടില്ല.ഇതോടനുബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി(7/25.09.18)ക്ക് നൽകിയ മറുപടിയിൽ ഇലക്ട്രിഫിക്കേഷൻ വർക്കുകൾ നടക്കുകയായിരുന്നുവെന്നും 6/18ന് മുറികൾ ലേലം നടത്തിയതായും അറിയിച്ചിട്ടുണ്ട്. ഇപ്രകാരം 2 വർഷത്തോളം മുറികൾ വാടകക്ക് നൽകാതിരുന്നത് ഈ ഇനത്തിൽ പഞ്ചായത്തിന് ലഭിക്കേണ്ടിയിരുന്ന വരുമാനം കുറയുന്നതിനിടയാക്കി. ആവശ്യമായ അറ്റകുറ്റ പണികൾ സമയബന്ധിതമായി പൂർത്തീകരിച്ച് പഞ്ചായത്തിന് വരുമാനനഷ്ടമുണ്ടാകാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്

കമ്മ്യൂണിറ്റി ഹാൾ 6/17 ന ശേഷം വാടകക്ക് നൽകിയിട്ടില്ല. ആയത് അംബേദ്കർ ഗ്രാമ വികസന പദ്ധതി 2016-17ൽ ഉൾപ്പെടുത്തി നവീകരണ പ്രവൃത്തികൾ നടക്കുകയാണ്.നവീകരണ പ്രവൃത്തികൾ കാല താമസം കൂടാതെ പൂർത്തീകരിക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-9 ഡി&ഒ ലൈസൻസ് -അപാകതകൾ

ചൊവ്വന്നൂർ ഗ്രാമ പഞ്ചായത്തിൽ നിന്നും 2017-18 വ്യാപാര വ്യവസായ സ്ഥാപനങ്ങൾക്ക് ലൈസൻസിനായി സമർപ്പിച്ച അപേക്ഷകളിൽ താഴെ പറയുന്ന ന്യൂനതകൾ കാണുന്നു .

1. പല അപേക്ഷകളിലും പ്രതിദിന വിറ്റുവരവ് രേഖപ്പെടുത്തിയിട്ടില്ല.ഇത്തരം അപേക്ഷകളിൻ മേൽ ഈടാക്കിയ ലൈസൻസ് ഫീസിന്റെ കൃത്യത പരിശോധിക്കാനായില്ല.

2.ലൈസൻസ് അനുവദിക്കുന്നതിന് മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നുള്ള നിരാക്ഷേപ സാക്ഷ്യപത്രം ആവശ്യമായ അപേക്ഷകൾക്കൊപ്പം ആയതിന്റെ പകർപ്പ് ഇല്ല.

അപൂർണ്ണമായ അപേക്ഷകളിൽ ഡി&ഒ ലൈസൻസ് അനുവദിക്കുന്നത് ഉചിതമല്ല.

പ്രാദേശിക പരിശോധന നടത്തി ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കുന്നുണ്ടെന്ന് അറിയിച്ചുവെങ്കിലും പ്രാദേശിക പരിശോധനാ രജിസ്റ്റർ ഓഡിറ്റിനു ലഭ്യമാക്കിയില്ല.(ഓഡിറ്റ് എൻക്വയറി നം.20/27.09.18)

## 2-10 ഇ-ടെണ്ടർ - ടെണ്ടർ ഫോം വില പഞ്ചായത്ത് ഫണ്ടിൽ വരവ് വെയ്ക്കേണ്ടതാണ്.

അസി. എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ മരാമത്ത് പണികളിൽ ഇ ടെണ്ടർ മുഖേന നടപ്പാക്കിയ പ്രോജക്ടുകളുടെ ടെണ്ടർ ഫോം വില സർക്കാർ ഉത്തരവ് (എം.എസ്) 318/2013ത.സ്വ.ഭ.വ. തീയതി 28-9-2013 പ്രകാരം ജില്ലയിലെ എൽ,എസ്.ജി.ഡി. എക്സി.എഞ്ചിനീയറുടെ പേരിൽ തുടങ്ങിയ അക്കൗണ്ടിലാണ് ക്രെഡിറ്റ് ചെയ്യുന്നത്. 2017-18 സാമ്പത്തിക വർഷത്തിൽ ഈ ഇനത്തിൽ 22,000/- രൂപ എൽ.എസ്.ജി.ഡി എക്സി. എഞ്ചിനീയറുടെ പേരിൽ തുടങ്ങിയ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യപ്പെട്ടിട്ടുണ്ട്. ടി തുകയും, മുൻ വർഷങ്ങളിൽ ഇപ്രകാരം ക്രെഡിറ്റ് ചെയ്യപ്പെട്ടിട്ടുള്ളതിൽ ലഭ്യമാകാൻ ബാക്കി തുകയുണ്ടെങ്കിൽ ആയതും തിരികെ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-11 വ്യാപാര സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി സംബന്ധിച്ച്

2017-18ലെ തൊഴിൽ നികുതി രജിസ്റ്റർ പേജ് 29 തുടങ്ങി ഏതാനും ചില പേജുകളിൽ 240 രൂപയുടെ ഗുണിതങ്ങളായി തൊഴിൽ നികുതി ഈടാക്കിയത് രേഖപ്പെടുത്തിയിട്ടുണ്ട്.ഓഡിറ്റ് എൻക്വയറി(6/25.09.18)ക്ക് നൽകിയ മറുപടിയിൽ തനതു വരുമാനം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യം മാത്രം മുൻ നിർത്തി വിവിധ വ്യാപാര സ്ഥാപനങ്ങളിലെ ജീവനക്കാരുടെ എണ്ണം,വരുമാനം എന്നിവ മാത്രം കണക്കിലെടുത്താണ് തൊഴിൽ നികുതി ഈടാക്കിയിട്ടുള്ളത്എന്ന് പറയുന്നു. എന്നാൽ ആയതിന്റെ കൃത്യത പരിശോധിക്കുന്നതിനാവശ്യമായ ജീവനക്കാരുടെ ലിസ്റ്റ്, റിട്ടേണുകൾ എന്നിവ പരിശോധനക്ക് ലഭിച്ചിട്ടില്ല.ഇപ്രകാരം തൊഴിൽ നികുതി ചുമത്തുന്നതുമായി ബന്ധപ്പെട്ട് കേരളാ പഞ്ചായത്ത് രാജ് നിയമം വകുപ്പ് 205 സി(എ),(ബി) ,205(എഫ്) ,1996ലെ കേരളാ പഞ്ചായത്ത് രാജ് തൊഴിൽ നികുതി ചട്ടങ്ങൾ ചട്ടം 16,17 പ്രകാരമുള്ള നടപടി ക്രമങ്ങൾ പാലിക്കപ്പെടേണ്ടതും അനുബന്ധ രേഖകൾ കൃത്യമായി സൂക്ഷിക്കേണ്ടതും ആണ്.

# ഭാഗം-3

# ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 വിവിധ കമ്മിറ്റികളുടെ പ്രവർത്തനത്തിലെ അപാകതകൾ.

എ. ആസൂത്രണ സമിതിയുടെ പ്രവർത്തനങ്ങൾ തൃപ്തികരമല്ല.

ആസൂത്രണ സമിതിയും വർക്കിംഗ് ഗ്രൂപ്പുകളും രൂപീകരിക്കുന്നതിനും വികസന രേഖ തയ്യാറാക്കുന്നതിനുമുള്ള നിർദ്ദേശങ്ങൾ (9-1-2017 ലെ ജി.ഒ.(എം.എസ്) നം. 10/2017/ത.സ്വ.ഭ.വ.) പൂർണ്ണമായും പാലിച്ചു കാണുന്നില്ല. സ്റ്റാറ്റസ് റിപ്പോർട്ടുകൾ മേൽ പറഞ്ഞ ഉത്തരവിലെ നിർദ്ദേശങ്ങൾ പൂർണ്ണമായും ഉൾക്കൊണ്ടുകൊണ്ടല്ല തയ്യാറാക്കിയിട്ടുള്ളത്. പരിശോധനക്ക് ലഭ്യമാക്കിയ സ്റ്റാറ്റസ് റിപ്പോർട്ടുകൾ ഒന്നുതന്നെ ഒപ്പ് വെച്ച് സാക്ഷ്യപ്പെടുത്തൽ വരുത്തിയിട്ടില്ല. പദ്ധതി ആസൂത്രണം, നിർവ്വഹണം, വിലയിരുത്തൽ എന്നീ മൂന്ന് ഘടകങ്ങളേയും ഏകോപിപ്പിക്കുകയാണ് ആസൂത്രണ സമിതിയുടെ പ്രധാന കർത്തവ്യം. വർക്കിംഗ് ഗ്രൂപ്പ് പ്രവർത്തനം ഏകോപിപ്പിക്കേണ്ടതും ആസൂത്രണ സമിതിയാണ്.

പ്രദേശത്തിന്റെ വികസനം സംബന്ധിച്ച് ആരോഗ്യകരമായ സംവാദങ്ങൾ പ്രോൽസാഹിപ്പിക്കുക, അധിക വിഭവ സമാഹരണ സാദ്ധ്യതകൾ കണ്ടെത്തുന്നതിന് സഹായിക്കുക, ആസൂത്രണ സമയ വിവര പട്ടിക അനുസരിച്ച് പ്രവർത്തനങ്ങൾ ക്രമീകരിക്കുന്നതിൽ ഏകോപനം ഉറപ്പുവരുത്തുക, വർക്കിംഗ് ഗ്രൂപ്പ് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് ഭരണ സമിതിയെ സഹായിക്കുക, പദ്ധതി ആസൂത്രണത്തിന് അനുയോജ്യമായ പഠനങ്ങൾ നടത്തി ഭരണ സമിതിക്ക് റിപ്പോർട്ട് ചെയ്യുക, സ്റ്റേക്ക് ഹോൾഡർമാരുമായുള്ള കൂടിയാലോചന, ബാങ്കുകളും, സഹകരണ സ്ഥാപനങ്ങളുമായുള്ള ചർച്ച എന്നിവക്ക് സഹായം നൽകുക, തദ്ദേശ സ്ഥാപനങ്ങളുടെ പ്രദേശികാസൂത്രണത്തിൽ സഹായിക്കുന്നതിന് വിദഗ്ധർ, സന്നദ്ധ പ്രവർത്തകർ എന്നിവരേയും, അക്കാദമിക് - സാങ്കേതിക സ്ഥാപനങ്ങളേയും കണ്ടെത്തുന്നതിന് സഹായിക്കുക തുടങ്ങിയ ആസൂത്രണ സമിതിയുടെ ചുമതലകൾ കൃത്യമായി പാലിക്കപ്പെട്ടു കാണുന്നില്ല. ആസൂത്രണ സമിതിയുടെ പ്രവർത്തനത്തിലെ പോരായ്മ വർക്കിംഗ് ഗ്രൂപ്പ് പ്രവർത്തനത്തേയും ബാധിച്ചിട്ടുണ്ട്.

ബി. വർക്കിംഗ് ഗ്രൂപ്പുകളുടെ സംഘാടനത്തിലെ വീഴ്ചകൾ.

ഒരു വർക്കിംഗ് ഗ്രൂപ്പിൽ വേണ്ടത് 10 മുതൽ 15 വരെ അംഗങ്ങളാണ് എന്നാണ് സർക്കാർ നിർദ്ദേശം. (ജി.ഒ.(എം.എസ്) 10/2017 /ത.സ്വ.ഭ.വ/9-1-2017). പഞ്ചായത്തിൽ നിലവിലുള്ള 12 വർക്കിംഗ് ഗ്രൂപ്പുകളിലും 15 അംഗങ്ങൾ വീതമുണ്ട്. 15 അംഗങ്ങളും പങ്കെടുത്ത വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങൾ ഒന്നും തന്നെ 2017-18 വർഷത്തിൽ നടന്നിട്ടില്ല. . ഒരു വർക്കിംഗ് ഗ്രൂപ്പിൽ പോലും വിഷയ വിദഗ്ധനെ ഉപാദ്ധ്യക്ഷനാക്കിയിട്ടില്ല. പല വർക്കിംഗ് കമ്മറ്റി മിനിറ്റ്സുകളിലും കൺവീനർ, ചെയർമാൻ എന്നിവർ ഒപ്പിട്ട് ക്ളോസ് ചെയ്തിട്ടില്ല. ഇതേ വർക്കിംഗ് ഗ്രൂപ്പ് തന്നെയാണ് പദ്ധതികളുടെ മോണിറ്ററിംഗും നടത്തേണ്ടത്. പഞ്ചായത്തിലെ പല പദ്ധതികളും മോണിറ്ററിംഗ്

നടത്തിയതായി രേഖയില്ല. വർക്കിംഗ് ഗ്രൂപ്പുകളുടെ മേൽനോട്ടം സ്റ്റാന്റിംഗ് കമ്മറ്റിക്കായതിനാൽ ഈ അപാകതക്ക് സ്റ്റാന്റിംഗ് കമ്മിറ്റിയും ഉത്തരവാദിയാണ്.

സി. സ്റ്റാന്റിംഗ് കമ്മറ്റികളുടെ പ്രവർത്തനം.

(I) വികസന സ്റ്റാന്റിംഗ് കമ്മിറ്റി.

2017-18 വർഷം 14 തവണ യോഗം ചേർന്നു. ആദ്യ യോഗത്തിൽ 2017-18 കാലയളവിൽ നടപ്പിലാക്കേണ്ട സ്പിൽ ഓവർ പദ്ധതികളെക്കുറിച്ചും, ടി കാലയളവിൽ നടപ്പിലാക്കേണ്ട പുതിയ പദ്ധതികളെക്കുറിച്ചും ചർച്ച ചെയ്തു. 2017-18 ലെ വാർഷിക പദ്ധതിയുടെ കരട് നിർദ്ദേശങ്ങൾ അംഗീകരിക്കുന്നതുമായി ബന്ധപ്പെട്ട ചർച്ചയോ, സർക്കാർ ഉത്തരവു പ്രകാരമുള്ള മുൻഗണന/അർഹത മാനദണ്ഡങ്ങൾ സംബന്ധിച്ച ചർച്ചയോ ഒന്നും തന്നെ നടന്നതായി മിനിറ്റ്സിൽ രേഖപ്പെടുത്തിയിട്ടില്ല.

ടി കമ്മറ്റിക്ക് ചുമതലയുള്ള വിഷയങ്ങൾ :--

(പൊതുവിഷയങ്ങൾ) - കൃഷി, ചെറുകിട ജലസേചനം, സാമൂഹ്യ വനവൽക്കരണം. പൊതുമരാമത്ത് (പശ്ചാത്തല വികസനം), കെട്ടിട നിർമ്മാണ പെർമിറ്റ്, ഊർജ്ജം, മൃഗസംരക്ഷണവും ക്ഷീര വികസനവും, മൽസ്യ മേഖല എന്നിവയാണ്. കമ്മിറ്റിയുടെ ചുമതലതലയിലുള്ള വിഷയങ്ങളുമായി ബന്ധപ്പെട്ട നിർവ്വഹണോദ്യോഗസ്ഥർ കൃഷി ഓഫീസർ, അസി. എഞ്ചിനീയർ, വെറ്ററിനറി സർജ്ജൻ, ഡയറി ഫാം ഇൻസ്പക്ടർ, ഫിഷറീസ് ഇൻസ്പെക്ടർ എന്നിവരാണ്.

(ii) ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി.

2017-18വർഷം 22 തവണ യോഗം ചേർന്നു. 2017-18 വർഷത്തെ ബജറ്റ് സമയ ബന്ധിതമായി തയ്യാറാക്കുന്നതിന് തീരുമാനിച്ചു. മാസം തോറുമുള്ള വരവ് ചെലവ് കണക്കുകൾ അംഗീകരിക്കുന്നുണ്ട്.

ടി കമ്മറ്റിക്ക് ചുമതലയുള്ള വിഷയങ്ങൾ ബജറ്റ് , തനത് വരുമാനങ്ങൾ, പൊതുഭരണം, രസീത് പരിശോധന എന്നിവയാണ്. ഗ്രാമ പഞ്ചായത്തിന്റെ ദൈനംദിന പ്രവർത്തനങ്ങളും, വരവ് ചെലവുകളും നിരീക്ഷിച്ച് ആവശ്യമായ ക്രമീകരണങ്ങൾ നടത്തുക, ബജറ്റിനനുസരിച്ച് വരവ് ചെലവുകൾക്രമീകരിക്കുക, പഞ്ചായത്തിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനാവശ്യമായ ധനസ്രോതസ്സ് വരുമാനം കണ്ടെത്തുക എന്നിവ ടി കമ്മറ്റിയുടെ ഉത്തരവാദിത്തമാണ്.

(iii) ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി.

2017-18 വർഷം 20 തവണ യോഗം ചേർന്നു. കമ്മിറ്റിയുടെ തീരുമാനങ്ങളെല്ലാം തന്നെ ക്ഷേമ പെൻഷനുകൾക്കുള്ള ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള പ്രക്രിയയുമായി ബന്ധപ്പെട്ടുള്ളവയായിരുന്നു.

ടി കമ്മിറ്റിക്ക് ചുമതലയുള്ള വിഷയങ്ങൾ സാമൂഹ്യക്ഷേമം, വനിതാ വികസനം, പട്ടികജാതി പട്ടിക വർഗ്ഗ ക്ഷേമം എന്നിവയാണ്. കമ്മിറ്റിയുടെ പരിധിയിൽ വരുന്ന നിർവ്വഹണ ഉദ്യോഗസ്ഥർ ICDS സൂപ്പർവൈസർ, വി.ഇ.ഒ, അസി. സെക്രട്ടറി എന്നിവരാണ്.

(iv) ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി.

2017-18 വർഷം 13തവണ യോഗം ചേർന്നു. ടി കമ്മിറ്റിക്ക് ചുമതലയുള്ള വിഷയങ്ങൾ സാന്ത്വന പരിചരണം, മാലിന്യ സംസ്കരണം, വിദ്യാഭ്യാസം എന്നിവയാണ്. കമ്മിറ്റിയുടെ പരിധിയിൽ വരുന്ന നിർവ്വഹണ ഉദ്യോഗസ്ഥർ HM, മെഡിക്കൽ ഓഫീസർമാർ എന്നിവരാണ്.

നിയമത്തിന്റെയും, ചട്ടങ്ങളുടേയും, സർക്കാർ ഉത്തരവുകളുടേയും അടിസ്ഥാനത്തിൽ ആവശ്യമായ പ്രോജക്ടുകൾ ശുപാർശചെയ്യുന്നതിനും, ഏറ്റെടുത്ത പ്രോജക്ടുകൾ യഥാവിധി നടപ്പാക്കുന്നുവെന്നും ഫലപ്രാപ്തിയിൽ എത്തുന്നുവെന്നും ഉറപ്പാക്കുന്നതിനുള്ള ഉത്തരവാദിത്തം ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റികൾക്കാണ്. സ്റ്റാന്റിംഗ് കമ്മറ്റികൾ യഥാവിധി പ്രവർത്തിക്കുമ്പോൾ പഞ്ചായത്തിന് മികച്ച പ്രവർത്തനം കാഴ്ചവെക്കാൻ കഴിയും.

## 3-2 റോഡ് കണക്ടിവിറ്റി ഭൂപടം തയ്യാറാക്കിയിട്ടില്ല

പതിമൂന്നാം പഞ്ചവൽസര പദ്ധതിയിലെ ആദ്യ വാർഷിക പദ്ധതി തയ്യാറാക്കൽ മാർഗ്ഗനിർദ്ദേശങ്ങൾ ജി.ഒ (എം.എസ്)നമ്പർ 72/2017/ ത.സ്വ.ഭ.വ /29-3-2017 ലെ ഖണ്ഡിക 12.10(1) പ്രകാരം ഓരോ തദ്ദേശ സ്ഥാപനവും റോഡ് കണക്ടിവിറ്റി ഭൂപടവും റോഡ് കണക്ടിവിറ്റി പദ്ധതിയും തയ്യാറാക്കണം. മുൻപുള്ള മാർഗ്ഗരേഖകളിലും ഈ നിർദ്ദേശം ഉണ്ടായിരുന്നെങ്കിലും പഞ്ചായത്തിൽ നാളിതുവരെയായി ഇവ തയ്യാറാക്കിയിട്ടില്ല.റോഡ് കണക്ടിവിറ്റി മാപ്പ്, പ്ലാൻ എന്നിവ തയ്യാറാക്കി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 3-3 പഴുന്നാന കുടിവെള്ള പദ്ധതി - പ്രവർത്തനം ആരംഭിച്ചിട്ടില്ല.

പ്രോജക്ട് നമ്പർ - 82/18

ബിൽ നമ്പർ - 32/17-18 തീയതി - 16-2-2018

തുക – 2,75,000/-

അടങ്കൽ - 2,84,863/-

നിർവ്വഹണ രീതി - ഡെപ്പോസിറ്റ് വർക്ക്.

2017-18 സാമ്പത്തിക വർഷം മേൽ കുടിവെള്ള പദ്ധതിക്കായി ഭൂജല വകുപ്പ് തയ്യാറാക്കിയ 2,75,000/- രൂപയുടെ എസ്റ്റിമേറ്റിന് അംഗീകാരം വാങ്ങി ഭൂജല വകുപ്പുമായി 9-2-2018 ന് കരാറിൽ ഏർപ്പെടുകയും 2,75,000/- രൂപ ഭൂജല വകുപ്പിന് കൈമാറുകയും ചെയ്തു. ഭൂജല വകുപ്പുമായി ഉണ്ടാക്കിയ കരാറിൽ പൂർത്തീകരണ തീയതി 31-3-2018 എന്നു കാണിച്ചിട്ടുണ്ട്. പദ്ധതിയുടെ പ്രവർത്തനം നാളിതുവരെ ആരംഭിച്ചിട്ടില്ല. യീൽഡ് ടെസ്റ്റ് നടത്തിയപ്പോൾ ആവശ്യത്തിന് വെള്ളം ലഭിക്കാത്തതിനാൽ പുതിയ കുഴൽ കിണർ നിർമ്മിക്കുവാനുള്ള ഭരണ സമിതി അംഗീകാരം ലഭിക്കാത്തതിനാലാണ് പ്രവൃത്തി ആരംഭിക്കാത്തത് എന്നാണ് ഇത് സംബന്ധിച്ച് നടത്തിയ ഓഡിറ്റ് അന്വേഷണത്തിന് (നം.13/17-18 തീയതി 26.09.18) മറുപടി ലഭിച്ചത്. കുടിവെള്ള പദ്ധതി പൂർത്തീകരിച്ച് പ്രവർത്തനക്ഷമമാകുന്നതുവരെ ടി പദ്ധതിക്കായി ഭൂജല വകുപ്പിന് കൈമാറിയ 2,75,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-4 ആധുനിക ഗ്യാസ് ക്രിമറ്റോറിയം-കോസ്റ്റ് ഫോഡിന് തുക കൈമാറി ഒരുവർഷം കഴിഞ്ഞിട്ടും പ്രവൃത്തി ആരംഭിച്ചിട്ടില്ല

പ്രോജക്റ്റ് – ആധുനിക ഗ്യാസ് ക്രിമറ്റോറിയം

പ്രോജക്റ്റ് നമ്പർ - 71/18

നിർവ്വഹണ ഉദ്യോഗസ്ഥ - എ.ഇ ,എൽ എസ്.ജി.ഡി

നിർവ്വഹണ ഏജൻസി – കോസ്റ്റ് ഫോഡ്

ബിൽ നമ്പർ - 6/17-18,dt.27/9/17 , 800100/- (വികസന ഫണ്ട്)

ചെക്ക് നമ്പർ - SB/jc number 1865185/13.10.17 ,1157900 (ബ്ലോക്ക് വിഹിതം)

ആകെ തുക - 1958000/- (കോസ്റ്റ് ഫോഡിന് ആദായനികുതി കഴിച്ച് നല്കിയ തുക- 784098 + 1134742)

മേൽ പദ്ധതിയുടെ നിർവ്വഹണ ഏജൻസിയായി കോസ്റ്റ് ഫോഡിനെ 14/8/17ലെ പഞ്ചായത്ത് കമ്മിറ്റി തീരുമാനം 1 പ്രകാരം അംഗീകരിക്കുകയും,9790000/- രൂപ എസ്റ്റിമേറ്റിൽ പദ്ധതി ആരംഭിക്കുന്നതിനും തീരുമാനിച്ചു. ഇതിൻ പ്രകാരം 19/9/17 ൽ കോസ്റ്റ് ഫോഡുമായി കരാറിൽ ഏർപ്പെടുകയും(കരാർ നം.01/AE/CHNR/17-18 ) കരാർ നിബന്ധന 5 പ്രകാരം എസ്റ്റിമേറ്റ് തുകയുടെ 20% തുകയായ 1958000/-രൂപ മേൽ പ്രകാരം കോസ്റ്റ് ഫോർഡിന് കൈമാറുകയും ചെയ്തു. കരാർ നിബന്ധന 6 പ്രകാരം കരാർ വച്ച് ഒരാഴ്ചയ്ക്കുള്ളിൽ സൈറ്റ് കൈമാറേണ്ടതും, നിബന്ധന11 പ്രകാരം സൈറ്റ് കൈമാറി 7 ദിവസത്തിനുള്ളിൽ പണി ആരംഭിക്കേണ്ടതുമാണ്.എന്നാൽ തുക കൈമാറി ഒരു വർഷം കഴിഞ്ഞിട്ടും പ്രവൃത്തി ആരംഭിച്ചിട്ടില്ല എന്ന് സ്ഥല പരിശോധനയിൽ നേരിട്ട് ബോധ്യപ്പെട്ടിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ കാരണം വ്യക്തമാക്കുന്നതിനായി നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്കുള്ള (17/26/8/18 )മറുപടിയിൽ സൈറ്റ് കൈമാറുകയും ഫൗണ്ടേഷൻ വർക്കുകൾ ആരംഭിക്കുകയും മെറ്റീരിയൽ സൈറ്റിൽ സ്റ്റാക്ക് ചെയ്യുകയും എന്നാൽ പരിസരവാസികളുടെ എതിർപ്പിനെ തുടർന്ന് പ്രവർത്തി പുനരാരംഭിക്കാൻ സാധിക്കാത്ത സാഹചര്യം ഉള്ളതിനാൽ അഡ്വാൻസ് നല്കിയ തുക തിരിച്ചു അടയ്ക്കുവാനും പ്രവർത്തി തുടങ്ങുന്ന സാഹചര്യം ഉണ്ടായാൽ തിരികെ നല്കാമെന്ന് കോസ്റ്റ് ഫോഡിനെ അറിയിച്ചിട്ടുണ്ടെന്നാണ് മറുപടിയിൽ വ്യക്തമാക്കിയിട്ടുള്ളത്.

പ്രവൃത്തി തുടരുവാൻ കഴിയാത്ത സാഹചര്യം നിലനില്ക്കുന്നതിനാൽ കോസ്റ്റ് ഫോഡിൽ നിന്നും തുക തിരികെ ഈടാക്കി സർക്കാരിന്റെ സഞ്ചിത നിധിയിൽ അടവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.ആയതുവരെ ചെലവ് തുക 19,58,000/-രൂപ ഓഡിറ്റ് താത്കാലികമായി തടസ്സത്തിൽ വയ്ക്കുന്നു.

## 3-5 തെരുവ് വിളക്കുകളുടെ വാർഷിക അറ്റകുറ്റപ്പണി -

പ്രോജക്റ്റ് – തെരുവ് വിളക്കുകളുടെ അറ്റകുറ്റപ്പണി

പ്രോജക്റ്റ് നമ്പർ - 9/18

ബിൽ നമ്പർ –29/17-18 ,തീ.14/12/17 ,തുക -75000/-

പഞ്ചായത്തിന്റെ 13 വാർഡുകളിലെ തെരുവ് വിളക്കുകൾ അറ്റകുറ്റപ്പണി നടത്തുന്നതിനായി 10/11/2016 ൽ സി.ഡി.എസ് ചെയർപേഴ്സനായ രജിത ഷിബുവുമായി കരാർ ഉടമ്പടി വച്ചു. ആയതിന് 31/3/18 വരെ കാലവധി നിശ്ചയിക്കുകയും ചെയ്തു.2016-17 ൽ ഈ പദ്ധതിക്കായി 150000/- വകയിരുത്തുകയും 149000/- രൂപ ചെലവഴിക്കുകയും 2017-18 ൽ 150000/- രൂപ അടങ്കലിൽ 75000/- രൂപ മേൽ ബിൽ നമ്പർ പ്രകാരം ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.ടി പദ്ധതിയുടെ നിർവ്വഹണത്തിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1)ടെണ്ടർ വിശദാംശം

| ടെണ്ടർ ക്ഷണിച്ചിട്ടുള്ള തെരുവ് വിളക്കുകളുടെ തരം/എണ്ണം | രജിത ഷിബു ക്വോട്ട് ചെയ്ത നിരക്ക് (ഉപകരണങ്ങൾ കരാറുകാരൻ വാങ്ങി റിപ്പയർ ചെയ്യുന്നതിന്) |
|---|---|
| 2x40 double tube/15 | 650/number |
| single tube/565 | 450/number |
| സി.എഫ്.എൽ/135 | 250/number |

തെരുവ് വിളക്കുകളുടെ എണ്ണം,തരം എന്നിവ വാർഡ് തിരിച്ച് കണക്കാക്കി രജിസ്റ്ററിൽ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ടെണ്ടറിൽ രേഖപ്പെടുത്തിയ എണ്ണവും ,തരവും കൃത്യമാണോയെന്ന് ഉറപ്പ് വരുത്താൻ കഴിഞ്ഞിട്ടില്ല.

2)കരാറിൽ ഏർപ്പെട്ടിട്ടുള്ളത് സി.ഡി.എസ്.ചെയർപേഴ്സണാണ്.ഇവർ എപ്രകാരം അറ്റകുറ്റപ്പണി നിർവ്വഹിക്കും എന്നത് സംബന്ധിച്ച് കരാറിൽ വ്യക്തമാക്കിയിട്ടില്ല.കരാർ നിബന്ധന 15പ്രകാരം സൂപ്പർവൈസറുടെ നിർദ്ദേശപ്രകാരവും നേതൃത്വത്തിലുമാണ് ജോലികൾ നടത്തേണ്ടത് എന്ന് വ്യക്തമാക്കിയിട്ടുണ്ടെങ്കിലും സൂപ്പർവൈസ് ചെയ്യുന്നത് ആര്? അംഗീകൃത ലൈസൻസിയാണോ എന്ന് വ്യക്തമല്ല.

3)കരാർ വ്യവസ്ഥ 9 പ്രകാരം വാർഡ് മെമ്പർമാരുടെ ജോലി പൂർത്തീകരണ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ കരാർതുക തുല്യ ഗഡുക്കളായി 3മാസം കൂടുമ്പോൾ അനുവദിക്കുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ടെങ്കിലും വാർഡ് മെമ്പർമാരുടെ ജോലി പൂർത്തീകരണ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിലല്ല തുക നല്കിയിട്ടുള്ളത്. സി.ഡി.എസ്.ചെയർപേഴ്സൺന്റെ ആവശ്യപ്രകാരം മേൽതുക നല്കുകയാണ് ചെയ്തിട്ടുള്ളത്.

മേൽ അപാകതകൾ പരിഹരിക്കുന്നതുവരെ ചെലവ് തുകയായ 75000/- രൂപ ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു.

## 3-6 നീർത്തടാധിഷ്ഠിത മാസ്റ്റർ പ്ലാൻ കാലികമാക്കൽ പദ്ധതി നടപ്പാക്കിയില്ല

2017-18 വർഷം നീർത്തടാധിഷ്ഠിത മാസ്റ്റർ പ്ലാൻ കാലികമാക്കൽ എന്ന പേരിൽ 1,00,000/-രൂപ അടങ്കലിൽ പ്രൊജക്ട് (69/18)വച്ചിരുന്നെങ്കിലും ആയത് തൻവർഷം നടപ്പാക്കിയിട്ടില്ല.പഞ്ചായത്തിൽ നീർത്തടാധിഷ്ഠിത മാസ്റ്റർ പ്ലാൻ 2010ൽ തയ്യാറാക്കിയിട്ടുണ്ട് ആയത് കാലികമാക്കുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തിരുന്നത്.ഓഡിറ്റ് എൻക്വയറി(11/26/9/2018) മറുപടിയിൽ നീർത്തടമാസ്റ്റർ പ്ലാൻ സർവ്വെ നടത്തി തയ്യാറാക്കുന്നതിന് ഇറിഗേഷൻ ഡിപ്പാർട്ട്മെന്റ് സമ്മതിച്ചിട്ടുള്ളതും നിലവിൽ ടി പദ്ധതിയുടെ ഡ്രാഫ്റ്റ് തയ്യാറാക്കി പഞ്ചായത്ത്കമ്മറ്റിയ്ക്ക് സമർപ്പിച്ചിട്ടുണ്ടെന്നുമാണ് അറിയിച്ചിട്ടുള്ളത്.ഡ്രാഫ്റ്റ് വിശകലനം ചെയ്ത് അപാകതകൾ ഉണ്ടെങ്കിൽ പരിഹരിക്കുകയും പുതുക്കി തയ്യാറാക്കേണ്ടതുണ്ടെങ്കിൽ അപ്രകാരം പുതുക്കേണ്ടതുമാണ്. ആയതിന്റെ അടിസ്ഥാനത്തിൽ പിന്നീട് വേണം കുടിവെള്ള – ജലസേചനപദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കേണ്ടത്.

## 3-7 ഐ സി ഡി എസ് സൂപ്പർ വൈസർ നിർവഹണോദ്യോഗസ്ഥനായുള്ള പദ്ധതികളുടെ നടത്തിപ്പിലെ അപാകതകൾ

1) ബിൽ നം -5/17 -18 തിയ്യതി 25-1-18

ബിൽ തുക-300050

പദ്ധതിയുടെ പേര്- ഭിന്നശേഷിയുള്ളവർക്ക് സ്കോളർഷിപ്പ്.

മേൽ പദ്ധതി പ്രകാരം അമൃദ k.v D/o അഖിൽ ,പന്തല്ലൂർ ഹൗസ്, ചൊവ്വന്നൂർ എന്ന കുട്ടിയ്ക്ക് PH വിഭാഗത്തിൽപ്പെടുത്തി 12000 രൂപ സ്കോളർഷിപ്പ് നൽകിയിട്ടുണ്ട്. സ്കോളർഷിപ്പ് തുക SBI ചൊവ്വന്നൂർ ശാഖ A/C നം- 312101117078 അക്കൗണ്ടിൽക്രെഡിറ്റ് ചെയ്യുന്നതിനു പകരം കേരള ഗ്രാമീൺ ബാങ്ക് ചൂണ്ടൽ ശാഖ A/C നം 40301101007078 ലേക്ക് തെറ്റായി ട്രാൻസ്ഫർ ചെയ്തിട്ടുള്ളതാണ്. അപാകത പരിഹരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

2)പ്രൊജക്ട് നം-66/17-18

ബിൽ നം -11/17-18 തി.27-318

ബിൽ തുക-373438

ബിൽ നം -9/17-18 തി.27-3-18

ബിൽ തുക-155012

പദ്ധതിയുടെ പേര്-വൃദ്ധർക്ക് കട്ടിൽ

മേൽ പദ്ധതി പ്രകാരം വൃദ്ധർക്ക് കട്ടിൽ വാങ്ങുന്നതിനായി 528450 രൂപ ചെലവഴിച്ചിട്ടുണ്ട്. 8/12/17ലെ A2/52/17 ലെ ടെണ്ടർ പരസ്യം പ്രകാരം 66/18 (വൃദ്ധർക്ക് കട്ടിൽ), 67/18 (വൃദ്ധകൾക്ക് കട്ടിൽ) എന്നീ പദ്ധതികൾക്കായി യഥാക്രമം രണ്ട് ലക്ഷം രൂപ വീതം അടങ്കൽ തുക നിശ്ചയിച്ച് ടെണ്ടർ ക്ഷണിയ്ക്കുകയുണ്ടായി. എന്നാൽ പിന്നീട് റിവിഷന്റെ സമയത്ത് 66/18 നമ്പർ പദ്ധതിയുടെ അടങ്കൽ തുക 528450 രൂപയാക്കി പുതുക്കി നിശ്ചയിക്കുകയുണ്ടായി. 12.5.15-ലെ സ.ഉ.(എം.എസ്)13/15 ഐ.ടി.ഡി. ഉത്തരവ്

പ്രകാരം അഞ്ചു ലക്ഷത്തിൽ അധികരിക്കുന്ന വാങ്ങലുകൾക്ക് ഇ-ടെണ്ടർ നടപടികൾ സ്വീകരിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ മേൽ പ്രകാരമുള്ള പദ്ധതിയിൽ ടി വ്യവസ്ഥ പാലിക്കാതെ 8/12/17ലെ A2/52/17 ലെ ടെണ്ടർ പരസ്യം പ്രകാരമുള്ള നടപടികൾ തുടരുകയാണ് ചെയ്തത്. ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.
സപ്ളെ ഓർഡർ നൽകിയതിൻെറയും വിവരം ഫയലിൽ ലഭ്യമല്ല.
3) ബിൽ നം -3/17-18 തി.30-10-17
ബിൽ തുക-50000
പദ്ധതിയുടെ നമ്പർ& പേര്-129/17-18,ഭിന്നശേഷിക്കാർക്കുള്ള റിസോഴ്സ് സെന്റർ-പഞ്ചായത്ത് വിഹിതം
മേൽ പദ്ധതി പ്രകാരം 50000 രൂപ ജില്ലാ പഞ്ചായത്തിന് നൽകിയിട്ടുണ്ട്.ആയതിൻെറ വിനിയോഗ വിവരം ലഭ്യമല്ല. വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കുന്നതുവരെ ചെലവു തുക തടസ്സപ്പെടുത്തുന്നു.

## 3-8 വി ഇ ഒ നിർവഹണോദ്യോഗസ്ഥനായുള്ള പദ്ധതി നടത്തിപ്പിലെ അപാകതകൾ

1)പദ്ധതി നം-47/17-18

ബിൽ നം-1/17-18 തി.15-3-18

ബിൽ തുക-160000

പദ്ധതിയുടെ പേര്-ഐ എ വൈ അധിക വിഹിതം നൽകൽ

മേൽ പദ്ധതി പ്രകാരം ചൊവ്വന്നൂർ ബ്ളോക്ക് പഞ്ചായത്തിന് 160000 രൂപ കൈമാറിയിട്ടുണ്ട്.തുക വിനിയോഗിച്ചതിൻെറ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുന്നതുവരെ ചെലവുതുക തടസ്സപ്പെടുത്തുന്നു.

2)പദ്ധതി നം-52/17-18
പദ്ധതിയുടെ പേര്- വീട് വാസയോഗ്യമാക്കൽ(പട്ടികജാതി)

i)ബിൽ നം-5/17-18 തി.27-2-18

ബിൽ തുക-337500

ii)ബിൽ നം-3/17-18 തി.27-2-18

ബിൽ തുക262500

iii)ബിൽ നം-7/17-18 തി.25-3-18

ബിൽ തുക75000

iv)ബിൽ നം-6/17-18 തി.17-3-18

ബിൽ തുക37500

മേൽ പദ്ധതി പ്രകാരം 19 പേർക്ക് 37500 രൂപ വീതം ധനസഹായം അനുവദിച്ചിട്ടുണ്ട്.ആയതിൽ താഴെ പറയുന്നവരുടെ വാല്യുവേഷൻ സർട്ടിഫിക്കറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

1)കുഞ്ഞുമോൾ,w/o വേലായി,കരിപ്പറമ്പിൽ വീട്,ചൊവ്വന്നൂർ

2)ശാന്ത, D/o അയ്യപ്പൻ,കല്ലിങ്ങൽ വീട്,കാണിപ്പയ്യൂർ

3)ബാലിക, D/o ചക്കൻ,അമ്പലപ്പാട്ട് ഹൗസ്,പന്തല്ലൂർ,ചൊവ്വന്നൂർ

4)സാവിത്രി K.A,w/o വേലായുധൻ,പാട്ടത്തിൽ ഹൗസ്,കാണിപ്പയ്യൂർ

5)വേലായുധൻ, S/o കോത,കന്ദംകാട്ടിൽ വീട് മരത്തംകോട്.

6)ചന്ദ്രൻ, S/oചാത്തപ്പൻ,പെരുമ്പിള്ളി വീട്,പുതുശ്ശേരി.

വാല്യുവേഷൻ സർട്ടിഫിക്കറ്റിന്റെ അഭാവത്തിൽ മേൽ പറഞ്ഞവർക്ക് അനുവദിച്ച തുകയായ225000 രൂപ തടസ്സത്തിൽ വയ്ക്കുന്നു.

3) പദ്ധതി നം-50/17-18

ബിൽ നം-2/17-18 തി.22-1-18

ബിൽ തുക-200000

മേൽ പദ്ധതി പ്രകാരം ആശ്രയ ഗുണഭോക്താവായ സരോജിനി പാലയ്ക്കൽ ,എന്നവർക്ക് ഭവന നിർമ്മാണത്തിനായി രണ്ടാം ഗഡു 90000 രൂപ അനുവദിച്ചു നൽകിയിട്ടുണ്ട്.രണ്ടു ഘട്ടങ്ങളിലായി 210000 രൂപ ടിയാരിയ്ക്കുവേണ്ടി എ ഡി എസ് ചെയർപേഴ്സൺ (9-ാം

വാർഡ്) കൈപ്പറ്റിയിട്ടുണ്ട്.ടിയാരിയുടെ വീട് പണി പൂർത്തീകരിച്ചതിൻെറ രേഖകൾ ഫയലിൽ ലഭ്യമല്ല.ഭവന നിർമ്മാണം പൂർത്തിയായതിൻെറ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-9 തൊഴിലുറപ്പ് പദ്ധതി -അവലോകനം

2017-18 വർഷത്തെ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട് നൽകിയ അന്വേഷണത്തിന് ലഭ്യമാക്കിയ മറുപടി പ്രകാരമുള്ള വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ആകെ രജിസ്റ്റർ ചെയ്ത കുടുംബങ്ങൾ -1402

ജോബ് കാർഡ് നൽകിയത് -1402

തൊഴിൽ ആവശ്യപ്പെട്ടവരുടെ എണ്ണം -276

തൊഴിൽ ലഭിച്ചവരുടെ എണ്ണം - 222

ആകെ മനുഷ്യദിനം -5893

നൂറ് ദിവസം തികച്ചത് -3

ഭരണാനുമതി ലഭിച്ച പദ്ധതികൾ -1049/53851020

അടങ്കൽ

പണി തുടങ്ങിയത് -41 എണ്ണം

പൂർത്തീകരിച്ചത് /ആകെ ചെലവ് -31/2241623

പണി തുടരുന്നത് -10 എണ്ണം

ആകെ ചെലവ് -21,66,299

ഭരണാനുമതി ലഭിച്ച പ്രവർത്തികളുടെ കേവലം 3.9 ശതമാനവം പണികൾ മാത്രമാണ് നടത്താനായിട്ടുള്ളത്.

ചെലവഴിച്ച തുക അടങ്കലിന്റെ 4 ശതമാനം മാത്രവും.പദ്ധതിയുടെ നടത്തിപ്പ് പഞ്ചായത്തിൽ വളരെ പരിതാപകരമായ അവസ്ഥയിലാണെന്ന് ഓഡിറ്റ് നിരീക്ഷിക്കുന്നു.

ടി കാര്യത്തെ സംബന്ധിച്ച് നടന്ന പഞ്ചായത്ത് കമ്മിറ്റികളുടെ മിനിട്സ് പരിശോധിച്ചതിൽ കഴിഞ്ഞ 9 സാമ്പത്തിക വർഷങ്ങളിൽ ഈയിനത്തിൽ വിവിധ പ്രവർത്തികൾക്കായി ചെലവഴിച്ചിരിക്കുന്നത് മൂന്ന് കോടി രൂപയിൽ താഴെ മാത്രമാണ്. തന്മൂലം ജില്ലയിൽ തന്നെ ഏറ്റവും പുറകിലാണ് പഞ്ചായത്തിന്റെ സ്ഥാനം. തൊഴിലാളികൾ തൊഴിൽ ആവശ്യപ്പെടുന്നതിൽ വിമുഖത കാണിക്കുന്ന സാഹചര്യവും നിലവിലുണ്ടെന്ന് കാണുന്നു.ആയതിനാൽ വേണ്ടത്ര പദ്ധതികൾ ഏറ്റെടുത്ത് നടത്താനാവില്ലെന്നും കാണുന്നു. ബഹുമാന്യരായ ജനപ്രതിനിധികൾക്ക് ഇക്കാര്യത്തിൽ ഇടപെടലുകൾ നടത്താവുന്നതും,പഞ്ചായത്തിന്റെ സാഹചര്യങ്ങൾക്കനുസൃതമായി കാർഷികമേഖലക്ക് കൂടുതൽ ഊന്നൽ കൊടുത്തുകൊണ്ട് യുക്തി സഹമായ രീതിയിലുള്ള പദ്ധതികൾ ആവിഷ്കരിച്ച് പ്രവർത്തനങ്ങൾ നടപ്പാക്കേണ്ടതുമാണെന്ന് ഓഡിറ്റ് അഭിപ്രായപ്പെടുന്നു.

## 3-10 ലോഗ് ബുക്ക് പരിപാലനം-അപാകതകൾ

പഞ്ചായത്തിന്റെ ഉപയോഗത്തിലിരിക്കുന്ന കെ.എൽ 46-ബി-3926 ബൊലറൊ ജീപ്പിന്റെ ലോഗ് ബുക്ക് ,റിപ്പയർ രജിസ്റ്റർ, ഫ്യൂവൽ രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

1) വാഹനത്തിൽ ഇന്ധനം നിറക്കുന്ന സമയത്തെ കി.മീ. രേഖപ്പെടുത്തുന്നതിന് പകരം ഇന്ധനം നിറക്കുന്ന ദിവസത്തെ ക്ലോസിംഗ് കി.മീ ആണ് രേഖപ്പെടുത്തിയിരിക്കുന്നത് തന്മൂലം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ മെക്കാനിക്കൽ സബ് ഡിവിഷൻ ചാലക്കുടിയുടെ 26/9/17ലെ 392/17-18 നമ്പർ ഇന്ധനക്ഷമതാ സാക്ഷ്യപത്രം പ്രകാരമുള്ള ഇന്ധന ക്ഷമതാ വാഹനത്തിന് ലഭ്യമാകുന്നുണ്ടോയെന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.കൂടാതെ വാഹനത്തിന് ഇന്ധനം നിറക്കുന്നത് ഫുൾടാങ്ക് കപ്പാസിറ്റിയിലല്ല.

2)വാഹനത്തിന്റെ പ്രതിമാസ സംഗ്രഹം എഴുതുന്നത് ശരിയായ രീതിയിലല്ല.പ്രതിമാസ സംഗ്രഹം തയ്യാറാക്കുമ്പോൾ ഓപ്പണിംഗ് കി.മീ, ക്ലോസിംഗ് കി.മീ, ആകെ ഓടിയ ദൂരം, ടാങ്കിൽ നീക്കിയിരുപ്പുണ്ടായിരുന്ന ഇന്ധനം, നിറച്ച ഇന്ധനം, ഉപയോഗിച്ച ഇന്ധനം, ടാങ്കിൽ അവശേഷിച്ച ഇന്ധനം എന്നിവ നിർബന്ധമായും ഉൾപ്പെടുത്തണം.

3)ഫ്യൂവൽ രജിസ്റ്റർ/റിപ്പയർ രജിസ്റ്റർ എന്നിവ ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

മേൽ പറഞ്ഞിരിക്കുന്ന അപാകതകൾ പരിഹരിച്ച് ലോഗ്ബുക്കും, മറ്റ് അനുബന്ധ രജിസ്റ്ററുകളും കൃത്യമായി എഴുതി സൂക്ഷിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2017-18 | 75000 | ഭിന്നശേഷിക്കാർക്കുള്ള സ്കോളർഷിപ്പ് | 13100 | 61900 |
| " | " | 250000 | അനുപൂരക പോഷകാഹാരം | 0 | 250000 |
| " | " | 200000 | സാന്ത്വന പരിചരണം | 200000 | 0 |
| " | " | 400000 | സമഗ്ര നെൽകൃഷി വികസനം | 400000 | 0 |
| ബ്ളോക്ക് പഞ്ചായത്ത് | " | 3766200 | ആധുനിക ശ്മശാനം | 1157900 | 2608300 |
| " | " | 492000 | ഭിന്നശേഷിക്കാർക്കുള്ള സ്കോളർഷിപ്പ് | 225050<br>266950<br>(റീഫണ്ട്) | 0 |
| " | " | 500000 | അനുപൂരക പോഷകാഹാരം | 302321 | 197679 |
| " | " | 200000 | സാന്ത്വന പരിചരണം | 200000 | 0 |
| " | " | 400000 | സമഗ്ര നെൽകൃഷി വികസനം | 400000 | 0 |
| " | " | 42500 | സമഗ്ര കൃഷി വികസനം | 42500 | 0 |

അനുപൂരക പോഷകാഹാരം ഇനത്തിലെ നീക്കിയിരിപ്പ് 1,97,679/-രൂപ പ്രത്യേകമായി വാർഷിക കണക്കുകളിൽ ബാലൻസ് ഷീറ്റിൽ കാണുന്നില്ല. B4 ഷെഡ്യൂൾ പ്രകാരം ബാലൻസ് 377679/-രൂപയാണ് കാണിച്ചിരിക്കുന്നത്. കൂടാതെ ഇതേ ശീർഷകത്തിൽ 243400/-രൂപ. മുന്നിരിപ്പ് ഉള്ളതാണ്. ബ്ലോക്ക് പഞ്ചായത്ത് വിഹിതം ഇനത്തിലെ കണക്കുകൾ കൃത്യമായി തയ്യാറാക്കേണ്ടതാണ്.

## 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കോസ്റ്റ് ഫോർഡ് | ആധുനിക ക്രിമിറ്റോറിയം | 1865185186 | 1958000 | 0 | 1958000 |
| GWD Thrissur | കാണിപ്പയ്യൂർ കടിവെള്ള പദ്ധതി അധികവിഹിതം | Bill No. 54/17-18 dt. 23-3-18 | 73212 | 73212 | 0 |

| | | | | | |
|---|---|---|---|---|---|
| GWD Thrissur | കാണിപ്പയ്യൂർ കുടിവെള്ള പദ്ധതി അധികവിഹിതം | Bill No. 54/17-18 dt. 23-3-18 | 1506003 | - | 1506003 |
| KSEB | - | - | 1255871 | - | 1255871 |
| KWA | - | - | 823660 | - | 823660 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ / വായ്പാതിരിച്ചടവ്

ഇല്ല

## 4-5 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 5000 |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| ആകെ | 5000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 5000 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| ക്രമ നം | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി /പോസ്റ്റ് ഓഫീസ്....) | നിക്ഷേപിച്ച തിയതി | കാലയളവ് | തുക | റിമാർക്ക്സ് |
|---|---|---|---|---|---|
| | കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽ | | | 5000 | |
| ആകെ | | | | 5000 | |

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം 561/-രൂപ വരവുണ്ട്. (Rt.No 11701040001/11-01-2018) കൂടുതൽ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

----അനുബന്ധമായി ചേർത്തിട്ടുണ്ട്---

| 2016-17 വർഷത്തെ കേരളസംസ്ഥാന ഓഡിറ്റ് വകുപ്പ് സമാഹൃത ഓഡിറ്റ് റിപ്പോർട്ട് ചൊവ്വന്നൂർ ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികളുടെ ഓഡിറ്റ് ന്യൂനത പരിഹാര നടപടി പത്രിക | | | | |
|---|---|---|---|---|
| ക്രമ നമ്പർ | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | ഓഡിറ്റ് പരാമർശ വിഷയം | ഇപ്പോഴത്തെ അവസ്ഥ (സ്വീകരിച്ച നടപടി) |
| 1 | 2014-2015 | 2.3 | തൊഴിൽ നികുതി അപാകതകൾ - തൊഴിൽ നികുതി രജിസ്റ്റർ കൃത്യമായി എഴുതി | 2014-2015 തൊഴിൽ നികുതി കെ.എസ്.ഇ.ബി |

| | | | | |
|---|---|---|---|---|
| | | | സൂക്ഷിക്കുന്നില്ല. രജിസ്റ്ററിൽ എഴുതിയ എല്ലാ സ്ഥാപനങ്ങളുടെയും റിട്ടൺസ് ഫയലിൽ കാണുന്നില്ല. ഉദാഹരണത്തിന് കെ.എസ്.ഇ.ബി കാണിപ്പയ്യൂർ, കമ്മ്യൂണിറ്റി ഹെൽത്ത് സെൻ്റർ, പഴഞ്ഞി എന്നീ സ്ഥാപനങ്ങളിലെ ജീവനക്കാർ ആദ്യ പകുതിയിൽ അടവാക്കിയ തൊഴിൽ നികുതിയുടെ റിട്ടേൺസ് ഇല്ല. അതു പോലെ റിട്ടേൺസ് ഹാജരാക്കിയ സ്ഥാപനങ്ങളിലെ എല്ലാ ജീവനക്കരുടെയും പേര് വിവരം രജിസ്റ്ററിലുമില്ല. ഉദാഹരണത്തിന് ക്ലാസിക് പെയിൻ്റ് റോളേഴ്സ് ആൻ്റ് അലൈഡ് പ്രൊഡക്ട്സ്, കാണിപ്പയ്യൂർ എന്ന സ്ഥാപനത്തിലെ ജീവനക്കാരുടെ പേര് വിവരങ്ങൾ രജിസ്റ്ററിൽ ചേർത്തിയിട്ടില്ല. ബ്ലൂമിങ്ങ് ബഡ്സ് ബഥാനിയ സീനിയർ സെക്കണ്ടറി സ്കൂൾ സമർപ്പിച്ച റിട്ടേൺസിൽ 104 ജീവനക്കാരുടെ പേര് വിവരം ഉണ്ടെങ്കിലും തൊഴിൽ നികുതി രജിസ്റ്ററിൽ 90 ജീവനക്കാരുടെ പേര് വിവരം മാത്രമേയുള്ളൂ. മേൽ പറഞ്ഞ അപാകതകൾ ഉള്ളതിനാൽ ഡിസിബി തയ്യാറാക്കിയതിലെ കൃത്യത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല. സ്ഥാപന തൊഴിൽ നികുതി രജിസ്റ്റർ പ്രത്യേകം എഴുതി സൂക്ഷിക്കുന്നില്ല. ആയതിനാൽ എല്ലാ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടോ എന്ന് ഉറപ്പ് വരുത്താൻ കഴിയുന്നില്ല.തൊഴിൽ നികുതി രജിസ്റ്റർ, സ്ഥാപന തൊഴിൽ നികുതി രജിസ്റ്റർ, റിട്ടേൺസ് എന്നിവ കൃത്യമായി സൂക്ഷിക്കാത്തതിനാൽ തൊഴിൽ നികുതി വരവിൽ പഞ്ചായത്തിന് ഉണ്ടാകുന്ന നഷ്ടം തിട്ടപ്പെടുത്താൻ കഴിയാതെ വരുന്നു. വരവിനങ്ങളിൽ ഉണ്ടാകുന്ന നഷ്ടം പഞ്ചായത്ത് സെക്രട്ടറിയുടെ ബാധ്യതയായി കണക്കാക്കുന്നതായിരിക്കും. | കാണിപ്പയ്യൂർ, കമ്മ്യൂണിറ്റി ഹെൽത്ത് സെൻ്റർ, പഴഞ്ഞി എന്നീ സ്ഥാപനങ്ങളുടെ റിട്ടേൺസ് സൂക്ഷിച്ചിട്ടുള്ളതാണ്. എന്നാൽ ക്ലാസിക് പെയിൻ്റ് റോളേഴ്സ് & അലൈഡ് പ്രൊഡക്ട്സ് കാണിപ്പയ്യൂർ എന്ന സ്ഥാപനത്തിലെ ജീവനക്കാരുടെ ലിസ്റ്റ് രജിസ്റ്ററിൽ ചേർക്കുവാൻ വിട്ടുപോയിട്ടുള്ളതാണ്. രജിസ്റ്ററിൽ ചേർത്ത് ടി ന്യൂനത പരിഹരിച്ചിട്ടുള്ളതാണ്. ബ്ലൂമിംഗ് 2014-2015 ബഡ്സ് ബതാനിയ സ്കൂളിലെ 104 ജീവനക്കാരുടെ തൊഴിൽ നികുതിയായ 58810/-രൂപ സാംഖ്യ പ്രകാരം അടവാക്കിയിട്ടുണ്ട്. എന്നാൽ രജിസ്റ്ററിൽ 90 പേരുടെ പേരുവിവരങ്ങൾ മാത്രം രേഖപ്പെടുത്തിയിട്ടുള്ളൂ. ആയത് റിട്ടേൺസ് പ്രകാരമുള്ള ജീവനക്കാരുടെ വിവരങ്ങൾ രജിസ്റ്ററിൽ ചേർത്ത് കൃത്യമായി സൂക്ഷിച്ചിട്ടുണ്ട്. ആയതിനാൽ പഞ്ചായത്തിന് നഷ്ടം ഒന്നും സംഭവിച്ചിട്ടില്ല എന്നുള്ള വിവരം ബോധിപ്പിക്കുന്നു. |

| 2016-17 വർഷത്തെ കേരളസംസ്ഥാന ഓഡിറ്റ് വകുപ്പ് സമാഹൃത ഓഡിറ്റ് റിപ്പോർട്ട് ചൊവ്വന്നൂർ ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികളുടെ ഓഡിറ്റ് ന്യൂനത പരിഹാര നടപടി പത്രിക | | | | |
|---|---|---|---|---|
| ക്രമ നമ്പർ | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | ഓഡിറ്റ് പരാമർശ വിഷയം | ഇപ്പോഴത്തെ അവസ്ഥ (സ്വീകരിച്ച നടപടി) |
| 1. | 2015-16 | 2.3 A) | തൊഴിൽ നികുതി – അപാകതകൾ<br>ചൊവ്വന്നൂർ പോസ്റ്റോഫീസിൽ നിന്നുള്ള തൊഴിൽ നികുതി ഈടാക്കിയില്ല.<br>ചൊവ്വന്നൂർ ഗ്രാമപഞ്ചായത്തിൻ്റെ തൊഴിൽ നികുതി രജിസ്റ്റർ പ്രകാരം തൊഴിൽ നികുതി ഈടാക്കേണ്ട സ്ഥാപനങ്ങളുടെ പട്ടികയിൽ ഗ്രാമപഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സിൽ പ്രവർത്തിച്ച് വരുന്ന ചൊവ്വന്നൂർ പോസ്റ്റോഫീസ് ഉൾപ്പെട്ടിട്ടുള്ളതാണ്. എന്നാൽ പ്രസ്തുത രജിസ്റ്ററിൽ 2015-16 വർഷത്തിൽ ചൊവ്വന്നൂർ പോസ്റ്റോഫീസിൽ നിന്നുള്ള തൊഴിൽ നികുതി ഈടാക്കിയതായി | 2015-2016 വർഷത്തിൽ അടവാക്കേണ്ടതായ തൊഴിൽ നികുതി 2016-2017 വർഷത്തിൽ പിഴയടക്കം 31.10.2016 തിയ്യതിയിൽ 11603101608 രശീത് നമ്പറായി ചൊവ്വന്നൂർ പോസ്റ്റ് ഓഫീസ് അടവാക്കിയിട്ടുള്ളതാണ്. വാർഷിക കണകകിൽ ഉൾപ്പെടുത്തുവാൻ വിട്ടുപോയിട്ടുള്ളതാണ്. ആയത് പിഴയടക്കം ഈടാക്കിയിട്ടുള്ളതിനാൽ. |

| | | | | |
|---|---|---|---|---|
| | | | രേഖപ്പെടുത്തിയിട്ടില്ല.ആയതിലുള്ള വിശദീകരണം അറിയിക്കേണ്ടതാണ്. 2015-16 വർഷത്തിൽ ചൊവ്വന്നൂർ പോസ്റ്റോഫീസിന് തൊഴിൽ നികുതി ഡിമാന്റ് ചെയ്തുകൊണ്ട് അയച്ച നോട്ടീസിന്റെ ഓഫീസ് പകർപ്പ് പരിശോധനയ്ക്ക് ഹാജരാക്കുന്നതിനായും തൊഴിൽ നികുതി ഈടാക്കാത്തതിനുള്ള കാരണം ആരാഞ്ഞുകൊണ്ടും നൽകിയ 26.09.2016 തിയ്യതിയിലെ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭിക്കുകയുണ്ടായില്ല. തിരിച്ചെടുക്കാത്ത തൊഴിൽ നികുതി കുടിശ്ശികയായി രേഖപ്പെടുത്തിയ അരിയർ ഡിമാന്റ് രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കുകയോ വാർഷിക കണക്കിൽ ഈ ഇനത്തിൽ കുടിശ്ശിക ഉള്ളതായി രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല. ആകയാൽ ഈ തുക പഞ്ചായത്തിന് വരവിനത്തിൽ സംഭവിച്ച നഷ്ടമായി കാണാവുന്നതും പഞ്ചായത്തിന് നേരിട്ട നഷ്ടം ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതുമാണ്. | പഞ്ചായത്തിന് നഷ്ടം ഒന്നും സംഭവിച്ചിട്ടില്ല എന്നുള്ള വിവരം ബോധിപ്പിക്കുന്നു. കല്യാണ മണ്ഡപങ്ങൾ, ഓഡിറ്റോറിയങ്ങൾ റേഷൻ ഡീലർമാർ, കരാറുകാർ എന്നിവരിൽ നിയമാനുസൃത തൊഴിൽ നികുതി ഈടാക്കിയതിന്റെ റസീത് നമ്പറുകൾ താഴെ ചേർക്കുന്നു.<br>കരാറുകാർ –<br>അഷറഫ്, പുളിച്ചാറാൻ വീട്, മരത്തംകോട് 117030105197 തിയ്യതി 31.03.2018 2500/-<br>അഷറഫ്, പുളിച്ചാറാൻ വീട്, മരത്തംകോട് 117030105196 തിയ്യതി-31.03.2018 2500/-<br>ജിജോ ജെയിംസ്, പുത്തപർ വീട്, തൈക്കാട്, 117030105149, തിയ്യതി-26.03.2018, 7500/-<br>ജയ തിലകൻ,പണിക്കശ്ശേരി വീട്, ചെമ്മന്തട്ട, 117030105148 തിയ്യതി-26.03.2018 7500/-<br>എൻ. എ ഫ്രാൻസീസ്, നീലങ്കാവിൽ വീട്, ആറ്റത്തറ 17030105150, തിയ്യതി-26.03.2018 2500/-<br>അഷിൻദേവ്, പുന്നപ്പുഴ വീട്, ചേറൂർ, 117030105206, തിയ്യതി-31.03.2018 2500/-<br>ജിൽസൺ ആന്റണി, പൊറത്തൂർ വീട്, കുന്നംകുളം, 117030105193, തിയ്യതി-31.03.2018 5000/-<br>കണ്ണൻ പി.ജി, പുളിക്കുന്നത്ത് വീട്, കോട്ടാൽ, 117030105195, തിയ്യതി-31.03.2018 2500/-<br>സുമേഷ്, പുളിക്കൽ വീട്, ചൂണ്ടൽ, 117030105192, തിയ്യതി-31.03.2018, 2500/-<br>ജെബിൻ പീറ്റർ, കാക്കശ്ശേരി വീട്, ചൊവ്വന്നൂർ, 117030105187, തിയ്യതി-28.03.2018 2500/-<br>കല്യാണമണ്ഡപങ്ങൾ, ഓഡിറ്റോറിയങ്ങൾ-<br>മാത്യൂസ്, ഓഡിറ്റോറിയം,ചൊവ്വന്നൂർ, 11603101958, തിയ്യതി- |
| | | B) | കല്യാണമണ്ഡപങ്ങൾ / ഓഡിറ്റോറിയങ്ങൾ, റേഷൻ ഡീലർമാർ, കരാറുകാർ എന്നിവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല. ചൊവ്വന്നൂർ ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ പ്രവൃത്തിച്ച് വരുന്ന കല്യാണമണ്ഡപങ്ങളിൽ / ഓഡിറ്റോറിയത്തിൽ നിന്നും, റേഷൻ ഡീലർമാരിൽ നിന്നും ഗ്രാമ പഞ്ചായത്തിന്റെ മരാമത്ത് പണികൾ ഏറ്റെടുത്ത് നടത്തുന്ന കരാറുകാരിൽ നിന്നും ഓഡിറ്റ് വർഷത്തിൽ തൊഴിൽ നികുതി ഈടാക്കിയിട്ടില്ലാത്തതാണ്. ഗ്രാമപഞ്ചായത്ത് അതിർത്തിക്കുള്ളിൽ ജോലി ചെയ്യുന്ന തൊഴിൽ നികുതി അടവാക്കാൻ നിയമാനുസൃതം ബാധ്യസ്ഥരായവരിൽ നിന്നെല്ലാം തൊഴിൽ നികുതി പിരിച്ചെടുക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. | |

| | | | | |
|---|---|---|---|---|
| | | | | 7.12.2016,2500/-<br>മാത്യൂസ്,<br>ഓഡിറ്റോറിയം,ചൊവ്വന്നൂർ,<br>11603101959,തിയ്യതി-<br>7.12.2016,2500/-<br>അൽ അമീൻ ഓഡിറ്റോറിയം,<br>ചൊവ്വന്നൂർ,11603102084, തിയ്യതി-<br>16.12.2016 2500/-<br>അൽ അമീൻ ഓഡിറ്റോറിയം,<br>ചൊവ്വന്നൂർ, 11603102083, തിയ്യതി-<br>16.12.2016 2500/-<br>ഐ.എം.എ.ഹാൾ<br>കാണിപ്പയ്യൂർ,11603101948 തിയ്യതി-<br>07.12.2016, 2500/-<br>ഐ.എം.എ.ഹാൾ<br>കാണിപ്പയ്യൂർ,11603101949 തിയ്യതി-<br>07.12.2016, 2500/-<br>രചന ഓഡിറ്റോറിയം,<br>ചൊവ്വന്നൂർ, 11603102042, തിയ്യതി-<br>14.12.2016, 2500/-<br><br>രചന ഓഡിറ്റോറിയം,<br>ചൊവ്വന്നൂർ, 11603102043, തിയ്യതി-<br>14.12.2016, 2500/-<br>വൈ.എം.സി.എ.ഹാൾ,<br>കാണിപ്പയ്യൂർ, 111603102463,<br>തിയ്യതി-10.01.2017, 2500/-<br>വൈ.എം.സി.എ.ഹാൾ,<br>കാണിപ്പയ്യൂർ, 111603102994,<br>തിയ്യതി-04.02.2017, 2500/-<br>പാരിഷ്<br>ചൊവ്വന്നൂർ, 117030105191 തിയ്യതി-<br>31.03.2018 5000/-<br><br>റേഷൻ ഡീലൻമാർ-<br>കെ.വി സത്യ, എ.ആർ.ഡി<br>പുതുശ്ശേരി 117030104963 തിയ്യതി-<br>14.03.2018 5000/-<br>എസ്.വേണഗോപാലൻ<br>എ.ആർ.ഡി മാന്തോപ്പ്<br>117030104969<br>തിയ്യതി-14.03.2018 5000/-<br>പ്രവീൺ, എ.ആർ.ഡി ചൊവ്വന്നൂർ<br>117030104974 തിയ്യതി-14.03.2018<br>5000/-<br><br>പി.എൽ ജോസഫ്, എ.ആർ.ഡി<br>ചെമ്മന്തട്ട, 117030104972, തിയ്യതി-<br>14.03.2018 5000/- |

## **4-8** ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നമ്പർ | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ | ചാർജ് | സ്വയം അടവാക്കിയ | റവന്യൂ റിക്കവറി | കോടതി വ്യവഹാരങ്ങളിൽ | ആകെ | അവശേഷിക്കുന്ന തുക/ബാധ്യത | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|---|

| | | | പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | സർട്ടിഫിക്കറ്റ് | | തുക (രസീത് നമ്പർ/ തീയതി) | നടപടിയിലൂടെ ഈടാക്കിയ തുക (തീയതി) | | | ലഭ്യമായ തുക | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| | | | | | 561 | 11701040001/ 11-01-2018 | | | | | | |

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 4,31,29,431 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 4,35,67,285 |
| വരവിനങ്ങളിലുള്ള നഷ്ടം | 424 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ---- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 34,18,000 |

(ചെലവിനങ്ങളിലുള്ള നഷ്ടം,വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബിയിലേയും സിയിലേയും തുകയാണ്.)

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-6 | 424 | - | ശ്രീ. വി. ആന്റണി, സെക്രട്ടറി. |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-3 | 2,75,000 | ശ്രീമതി. സീമ ടി.എസ് അസിസ്ററന്റ് എഞ്ചിനീയർ |
| 3-4 | 19,58,000 | ശ്രീമതി. സീമ. ടി.എസ്, അസിസ്റ്റന്റ് എഞ്ചിനീയർ. |
| 3-5 | 7,50,000 | ശ്രീ. വി. ആന്റണി, സെക്രട്ടറി. |
| 3-7 (3) | 50,000 | ശ്രീമതി. ഊർമ്മിള. വി.എസ്, ICDS സൂപ്പർവൈസർ |
| 3-8 (1) | 1,60,000 | ശ്രീമതി. റാണി. വി. ജോർജ്ജ്, വി.ഇ.ഒ, ചൊവ്വന്നൂർ സർക്കിൾ |
| 3-8 (2) | 2,25,000 | ശ്രീ. നിഖിൽ. കെ, വി.ഇ.ഒ, കാണിപ്പയ്യൂർ |
| ആകെ | 3418000 | 34,180,00 |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

-----

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും | ഇപ്പോഴത്തെ | സ്ഥിരം മേൽവിലാസം |
|---|---|---|

| | | |
|---|---|---|
| ഉദ്യോഗപ്പേരും | (ഓഡിറ്റ് നടന്ന സമയത്തെ)<br>ഔദ്യോഗിക മേൽവിലാസം | |
| ശ്രീ. വി.ആന്റണി, സെക്രട്ടറി | സെക്രട്ടറി,വടക്കേക്കാട് ഗ്രാമ പഞ്ചായത്ത് | വാഴപ്പിള്ളി വീട്, വടക്കേക്കാട് (പി.ഒ), തൃശ്ശൂർ. |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1974-75 | എൽ.എഫ്.ടി.10-1899/82/ 02.08.82 |
| 1975-76 | എൽ.എഫ്.ടി. 10-1906/82/ 02.08.82 |
| 1978-79 | എൽ.എഫ്.ടി. 10-1903/82/ 02.08.82 |
| 1979-80 | എൽ.എഫ്.ടി (എസ്2)-785/11/ 20.07.11 |
| 1980-81 | എൽ.എഫ്.ടി (എസ്2)-785/11/ 20.07.11 |
| 1981-82 | എൽ.എഫ്.ടി. 10-1484/85/ 10.09.85 |
| 1982-83 | എൽ.എഫ്.ടി. 10-1080/87/ 05.01.88 |
| 1984-85 | എൽ.എഫ്.ടി. 10-722/28.03.90 |
| 1985-86 | എൽ.എഫ്.ടി. 10-1791/21.05.91 |
| 1986-87,87-88 | എൽ.എഫ്.ടി. 10-659/92/ 13.07.92 |
| 1988-89,89-90 | എൽ.എഫ്.ടി. 10-1587/14.05.93 |
| 1990-91 | എൽ.എഫ്.ടി. 10-1811/94/ 21.08.95 |
| 1991-92 | എൽ.എഫ്.ടി. 10-1544/93/ 18.05.94 |
| 1992-93, 93-94 | എൽ.എഫ്.ടി. 10-735/95/ 08.12.95 |
| 1994-95,95-96 | എൽ.എഫ്.ടി. (എസ്2)-785/11/ 20.07.11 |
| 1996-97(ചെലവ്) | എൽ.എഫ്.ടി. 10-1012/98/ 12.02.99 |
| 1996-97(വരവ്) | എൽ.എഫ്.ടി. 10-480(എ))/03/ 05.09.03 |
| 1997-98 | എൽ.എഫ്.ടി. 10-480/03/ 06.06.03 |
| 1998-99 | എൽ.എഫ്.ടി. 10-2113/06/ 15.05.07 |
| 1999-2000 | എൽ.എഫ്.ടി. 10-2114/06/ 10.04.07 |
| 1999-2000, 2000-01, 2001-02 (പ്ലാൻ) | എൽ.എഫ്.ടി. 10-1372/03/ 07.01.04 |
| 2000-2001 | എൽ.എഫ്.ടി. 10-2115/10.04.07 |
| 2001-02 | എൽ.എഫ്.ടി. 10-2116/10.04.07 |
| 2002-03 | എൽ.എഫ്.ടി. 10/1270/ 08/07.09.09 |
| 2003-04 | എൽ.എഫ്.ടി. 10-1271/08/ 07.09.09 |
| 2004-05 | എൽ.എഫ്.ടി. 10-2600/08/ 16.04.10 |
| 2005-06 | എൽ.എഫ്.ടി. 10-692/09/ 17.06.10 |
| 2006-07 | എൽ.എഫ്.ടി.10-693/09/ 23.07.10/16.08.10 |
| 2007-08 | എൽ.എഫ്.ടി.10-1148/01.03.11 |
| 2008-09 | എൽ.എഫ്.ടി.10-1149/01.03.11/ 13.10.11 |
| 2009-10 | എൽ.എഫ്.ടി.(പി2)-368/12/ 09.04.12/ 05.04.12,1981-82 മുതൽ 92-93 &93-94 വരെ അദാലത്തിൽ മറുപടിയില്ല |
| 2010-11 | എൽ.എഫ്.ടി. (പി2)369/12/ 09.04.12/ 05.07.12 |
| 2011-12 | എൽ.എഫ്.ടി. (പി6)/12)33/ 13/08.11.13 |

| | |
|---|---|
| 2012-13 | എൽ.എഫ്.ടി. (പി6)/373/14/ 11.08.14/17.09.14 |
| 2013-14 | എൽ.എഫ്.ടി.(പി9)/258/15/07/ 05/2015/ 08.05.15 |
| 2014-15 | കെ.എസ്.എ.ടി.എസ്.ആർ.(പി9)916/2016 |
| 2015-16 | കെ.എസ്.എ.ടി.എസ്.ആർ.(പി9)1731/2016/ 18.11.16/05.01.17 |
| 2016-17 | കെ.എസ്.എ.ടി.എസ്.ആർ.(പി9)1316/2017/ 23.11.17/30.11.17 |

# അനുബന്ധം 1

## ഓഡിറ്റ് സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6) 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ. ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും ചൊവ്വന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18സാമ്പത്തികവർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ ചൊവ്വന്നൂർ ഗ്രാമ പഞ്ചായത്തിന്റെ 2017-18സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക വരവു ചെലവു കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്നു ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ

# അനുബന്ധം 2

## ഓഡിറ്റ് സംക്ഷിപ്തം

| | |
|---|---|
| റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്<br>ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്<br>ബാലൻസ് ഷീറ്റ് | സംക്ഷിപ്തം (Audited Abstract) |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ